i-T

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.331.

14/7/2010-ൽ മറുപടിക്ക്

## ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.രാജൻ;<br>ശ്രീമതി.ഇ.എസ്.ബിജിമോൾ;<br>ശ്രീ.കെ.അജിത്;<br>ശ്രീ.രാജാജി മാത്യു തോമസ്. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ബഡ്സ് സൂകൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | നിലവിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ 31 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് ഈ സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു പ്രാദേശിക പദ്ധതിയായിട്ടാണ് ബഡ്സ് സ്കൂളുകൾ നടത്തുന്നത്. തദ്ദേശ ഭരണ സ്ഥാപനം, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹായത്തോടെയാണ് പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നത്. |
| (സി) | കൂടുതൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി എത്ര മാത്രം സഹായം നൽകുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ഒരു ബ്ലോക്കിൽ ഒരു ബഡ്സ് സ്കൂളെങ്കിലും സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 2010-11 വർഷം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ആരംഭിച്ചിട്ടുള്ളതും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമായ 43 ബഡ്സ് സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. പ്രാദേശിക സർക്കാരുകളാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുവാനുള്ള വിഭവ സമാഹരണം നടത്തുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ശാരീരികവും മാനസികവുമായി അവശതയനുഭവിക്കുന്ന കുട്ടികൾക്കായി ഈ സ്കൂളുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ദേശീയ തലത്തിൽ തയ്യാറാക്കിയിട്ടുള്ള പഠന സമ്പ്രദായം അനുസരിച്ചുള്ള വിശേഷ വിദ്യാഭ്യാസം, പരിചരണ സേവനം, രക്ഷാകർത്തൃ വിദ്യാഭ്യാസം, ചികിത്സാപരമായ പരിശീലനങ്ങൾ, പ്രാഥമിക തൊഴിൽ പരിശീലനങ്ങൾ, ഉച്ചഭക്ഷണം, സൗജന്യ യാത്രാ സൗകര്യം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ പ്രധാനമായും നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 332 — 14.07.2010 ൽ മറുപടിയ്ക്ക്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീമതി. ജെ. അരുന്ധതി
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
" വി. ശശി കുമാർ
" കെ.വി. കുഞ്ഞിരാമൻ

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | (എ) | സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. പാലോളി മുഹമ്മദ് കുട്ടി കമ്മിററി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി അഞ്ച് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായി. അതിൽ കോഴിക്കോട് ജില്ലയിൽ ആരംഭിച്ച കോച്ചിംഗ് സെന്റർ 20.3.2010 മുതൽ പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ ജില്ലയിൽ അനുവദിച്ച കോച്ചിംഗ് സെന്റർ പയ്യന്നൂരിലും പ്രവർത്തനം ആരംഭിച്ചു. മൂന്നാമത്തെ സെന്റർ പൊന്നാനിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കോച്ചിംഗ് സെന്ററുകൾക്ക് ആവശ്യമായ സ്ഥല സൗകര്യം പരിശോധിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | യു.പി.എസ്.സി, കെ.പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്. |
| (സി) | വിവിധ പരീക്ഷകൾക്കായി കഴിഞ്ഞ വർഷം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | കേരള ഹൈക്കോടതി അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-II (കുസാററ്), എൽ.ഐ.സി. ഡെവലപ്പ്മെന്റ് ഓഫീസർ, യു.പി.സ്കൂൾ അസിസ്റ്റന്റ് എന്നീ പരീക്ഷകൾക്കായി 22.3.2010 മുതൽ 7.7.2010 വരെ |

| | | | |
|---|---|---|---|
| | | | ആകെ 160 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, ബാങ്ക് ക്ലാർക്ക് എന്നീ പരീക്ഷകൾക്കായി ആകെ 66 പേർക്ക് ഇപ്പോൾ പരിശീലനം നൽകി വരുന്നു. പയ്യന്നൂർ സെന്ററിൽ ജൂലായ് മാസത്തിൽ കോഴ്സുകൾക്ക് തുടക്കം കുറിക്കുന്നതാണ്. |
| (ഡി) | ന്യൂനപക്ഷങ്ങൾക്ക് മുൻ തൂക്കമുള്ളതും വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്നതുമായ വയനാട് ജില്ലയിൽ പ്രത്യേക പരിഗണന നൽകി കോച്ചിംഗ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (ഡി) | മുസ്ലീം യുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്റർ മുസ്ലീം ന്യൂനപക്ഷത്തിന് മുൻതൂക്കമുള്ള ജില്ലകൾക്കാണ് പരിഗണന നല്കിയിട്ടുള്ളത്. വയനാട് ജില്ലയിൽ കോച്ചിംഗ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ന്യൂനപക്ഷ കേന്ദ്രീകരണമുള്ള പിന്നോക്ക ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഇ) | എല്ലാ ജില്ലകളിലും ഇത്തരം കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | റിപ്പോർട്ടിൽ നിർദ്ദേശിച്ച സെന്ററുകൾ ആരംഭിച്ചതിനു ശേഷം അവയുടെ പ്രവർത്തന വിജയം വിലയിരുത്തി മററു ജില്ലകളിൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 333 — 14.07.2010-ൽ മറുപടിയ്ക്ക്

## പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ടൂറിസം മേഖലയുടെ വികസനത്തിനായി നീക്കിവച്ച തുക എത്രയാണ്; | എ) 130.25 കോടി രൂപ( നൂറ്റി മുപ്പത് കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ) |
| (ബി) നടപ്പ് സാമ്പത്തിക വർഷം പുതിയ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) ഉണ്ട്. ഈ വർഷം കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനായി ബീച്ചുകളുടെ നവീകരണം, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകളുടെ നിർമ്മാണം ടൗൺ സ്ക്വയറുകൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ബീച്ച് നവീകരണവുമായി ബന്ധപ്പെട്ട് കാപ്പിൽ, ഓട്ടുമ്പ്രം, കാസർഗോഡ്, കോഴിക്കോട് എന്നിവ :ടങ്ങളിലെ ബീച്ചുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പാറശ്ശാലയിലും. കുമരകത്തും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ മികവോടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വിപണന രംഗത്ത് കൂടുതൽ ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ദേശീയ അന്തർദേശീയ തലത്തിലുള്ള ടൂറിസം ഫെയറുകളിൽ പങ്കെടുക്കുക, ഇന്ത്യയിലും വിദേശത്തും റോഡ് ഷോ സംഘടിപ്പിക്കുക എന്നിവ നടത്തിവരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ടൂറിസം മേളയായ കേരളാ ട്രാവൽ മാർട്ട് ഈ വർഷം നടത്തുന്നതാണ്. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ റ്റി.ആർ.കെ.എൽ വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വേളിയിൽ ഈ രീതിയിൽ ഒരു പദ്ധതി |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്തിട്ടുണ്ട്. മൂന്നാറിൽ ഒരു ബൃഹത്തായ ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരിച്ചുവരുന്നു. കെ.റ്റി.ഡി.സിയുടെ ആഭിമുഖ്യത്തിൽ ബേക്കൽ,കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ഹോട്ടലുകൾ ഈ വർഷം തുറക്കുന്നതാണ്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ വഴി തദ്ദേശീയ തലത്തിൽ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ചെന്നൈ കേരളാ ഹൗസ്, ഇരിങ്ങൽ, വിഴിഞ്ഞം ക്രാഫ്റ്റ് വില്ലേജുകൾ എന്നിവ ഈവർഷം തുടങ്ങുന്ന രീതിയിൽ ലക്ഷ്യമിട്ടാണ് പണികൾ പുരോഗമിക്കുന്നത്. കൂടാതെ ടൂറിസം രംഗത്ത് മാനവശേഷി വികസനത്തിന്റെ ഭാഗമായി 'ലെറ്റ് അസ് ലേൺ' എന്ന പരിശീലന പദ്ധതിയും പുരോഗമിച്ചുവരുന്നു. |
| (സി) | പുതിയ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിയ്ക്കാൻ ഉദ്ദേശിക്കുന്നു; | സി) | 46 കോടി (നാല്പത്തി ആറ് കോടി രൂപ) രൂപയുടെ പദ്ധതിക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ നടപടി കൈക്കൊള്ളുമോ? | ഡി) | അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ' കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി' സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. സൊസൈറ്റിയുടെ രൂപീകരണത്തോടെ അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ : 334 | 14.07.2010-ൽ<br>മറുപടിയ്ക്ക് |

## "മലബാർ പ്രദേശത്തെ ക്ഷേത്രങ്ങൾ ദേവസ്വം ബോർഡ് ഏറ്റെടുക്കണമെന്ന നിർദ്ദേശം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.മുരളി<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.കെ.ബാബു | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും<br>സ്റ്റേഷനറിയും വകുപ്പു മന്ത്രി. |

| | | | |
|---|---|---|---|
| (എ) | മലബാർ പ്രദേശത്തെ ക്ഷേത്രങ്ങൾ ദേവസ്വം ബോർഡ് ഏറ്റെടുക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) | മലബാർ പ്രദേശത്തെ ഏഴ് ക്ഷേത്രങ്ങൾ ബോർഡ് ഏറ്റെടുക്കണമെന്ന ഹർജികളിൽ ഡെപ്യൂട്ടി കമ്മീഷണർ അന്വേഷണം നടത്തിവരുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര ക്ഷേത്രങ്ങളുടെ ഭരണാധികാരം ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | തീരുമാനിച്ചിട്ടില്ല. |
| (സി) | ഇപ്രകാരം തീരുമാനമെടുക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (സി) | ബാധകമല്ല. |
| (ഡി) | പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനെതിരെ പ്രതിഷേധ സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ബോർഡ് ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ ചിലയിടങ്ങളിൽ പ്രതിഷേധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ സാഹചര്യത്തിൽ പ്രസ്തുത തീരുമാനം മാറ്റുന്ന കാര്യം പരിഗണനയില്ലുണ്ടോ? | (ഇ) | തീരുമാനമെടുക്കാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

Sulathaan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.335.

14/7/2010-ൽ മറുപടിക്ക്

**ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ്;<br>ശ്രീ.സി.പി.മുഹമ്മദ്;<br>ശ്രീ.പി.സി.വിഷ്ണുനാഥ്. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്; | (എ) കുടുംബശ്രീ സംരംഭവുമായി ബന്ധപ്പെട്ട് ഖര മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ സംരംഭകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു സാമ്പത്തിക ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് 2009 ഒക്ടോബർ മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഖര മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് വിശിഷ്യ ഖര മാലിന്യം വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്രവർത്തനങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കുടുംബശ്രീ തൊഴിലാളി സംരംഭകരുടെ ആരോഗ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ എന്നീ കാര്യങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാനാണ് 25.08.2009 ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 166/09/തസ്വഭവ പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. ഇതിൽ വ്യക്തിഗത ആരോഗ്യ സുരക്ഷയുടെ ഭാഗമായി വ്യക്തിഗത ശുചിത്വം, പ്രാഥമിക ശുശ്രൂഷ, ഇൻഷുറൻസ് സുരക്ഷ, ഹെൽത്ത് കാർഡ് ലഭ്യമാക്കൽ, മെഡിക്കൽ പരിശോധന എന്നിവ ഉറപ്പാക്കാനും, ആരോഗ്യശീലങ്ങളിൽ പരിശീലനം നൽകാനും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നു. സാമ്പത്തിക സുരക്ഷിതത്വത്തിന്റെ ഭാഗമായി അംഗങ്ങളുടെ വരുമാനം ഉറപ്പാക്കാൻ ഉള്ള നടപടിയും എടുത്തിട്ടുണ്ട്. |
| (ബി) | ശുചീകരണ തൊഴിലാളികളുടെ ആരോഗ്യസുരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇതു സംബന്ധിച്ച് പഠനം നടത്തിയ സമിതി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്; | (ബി) | 04.06.2008 ലെ 1645/08/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സമിതി സർക്കാർ രൂപീകരിച്ചു. സർക്കാരിൽ ലഭിച്ച റിപ്പോർട്ടിൽ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങളുടെ സംക്ഷിപ്ത രൂപം താഴെപ്പറയുന്നു.<br>1. വ്യക്തി ആരോഗ്യ സുരക്ഷ:- തൊഴിലാളികൾക്ക് ഏപ്രൺ, ഗ്ലൗസ്, മാസ്ക്, യൂണിഫോം തുടങ്ങിയവ നൽകുക, പ്രാഥമിക ശുശ്രൂഷകൾ, അപകട ഇൻഷുറൻസ്, ഹെൽത്ത് കാർഡ് തുടങ്ങിയവ നൽകൽ. ഇതിനായി ആവശ്യം വരുന്ന തുകയുടെ 50 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനവും ശേഷിക്കുന്ന 50 ശതമാനം കുടുംബശ്രീ യൂണിറ്റുകളും വഹിക്കുക.<br>2. സാമ്പത്തിക സുരക്ഷാ സഹായം:- സാമ്പത്തിക സുരക്ഷയുടെ ഭാഗമായി, മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധന ചെലവ്, യഥാസമയ മെയിന്റനൻസ്, റിട്ടെൻഷൻ ഫണ്ട്, ട്രേ വാങ്ങുന്നതിനുള്ള ചെലവ്, ക്ഷേമ നിധി ഇവയ്ക്ക് ആവശ്യമായി വരുന്ന ചെലവിന്റെ 50% തദ്ദേശ സ്വയം ഭരണ സ്ഥാപനവും, ശേഷിക്കുന്ന 50% കുടുംബശ്രീ യൂണിറ്റുകളും വഹിക്കുക എന്നുള്ളതാണ്. |
| (സി) | ഇതു സംബന്ധിച്ച് ഹൈക്കോടതി എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് നൽകിയത്; | (സി) | കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച റിപ്പോർട്ടിലെ ശുപാർശകൾ (25/8/2009 ലെ സ.ഉ(എം.എസ്)166/09/തസ്വഭവ നമ്പർ) സർക്കാരിന് യുക്തമെന്ന് തോന്നുന്ന |

| | | | |
|---|---|---|---|
| | | | ഭേദഗതികളോടെ 18/9/2009 മുതൽ 6 മാസത്തിനകം നടപ്പിലാക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നാണ് ബഹു.ഹൈക്കോടതി സർക്കാരിന് നിർദേശം നൽകിയിട്ടുള്ളത്. |
| (ഡി) | ഇവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ ഇതുവരെ പ്രാവർത്തികമാക്കി എന്നറിയിക്കുമോ; | (ഡി) | കുടുംബശ്രീ ശുചീകരണ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച ശുചീകരണ ഉപാധികൾ നല്കുന്ന കാര്യം പ്രാവർത്തികമാക്കിയിട്ടുണ്ട്.. |
| (ഇ) | മറ്റ് നിർദ്ദേശങ്ങൾ അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 336 — 14/07/2010-ൽ മറുപടിയ്ക്ക്

## മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. മുരളി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ടെലിഫോൺ കമ്പനികൾ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പുതുതായി എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) മൊബൈൽ ടവർ ഉൾപ്പെടെയുള്ള ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിന് നിലവിലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 130 മുതൽ 142 വരെയുള്ള ചട്ടങ്ങളാണ് ബാധകമായിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിൽ പുതുതായി മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |
| (ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായ രീതിയിൽ പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) മൊബൈൽ ടവറുകളുടെ നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട് സർക്കാർ പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | (സി) (ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 337</u>

<u>14.07.2010-ൽ മറുപടിക്ക്</u>

<u>കേരള അക്വാവെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എം.എം. മോനായി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. വി.കെ. അച്യുതൻ<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) അലങ്കാര മത്സ്യകൃഷിയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിച്ച കേരള അക്വാവെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. കമ്പനിയുടെ ചെയർമാൻ ബഹു. കേരള മുഖ്യമന്ത്രിയും, വൈസ് ചെയർമാൻ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുമാണ്. ഇവരുടെ അദ്ധ്യക്ഷതയിൽ യഥാക്രമം കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| ബി) ഇവിടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; | ബി) കമ്പനിയുടെ സ്ഥിരമായി 10 പേർ ജോലി നോക്കിവരുന്നു. കൂടാതെ 6 ഹാച്ചറികളിലായി 30 പേർ ജോലി ചെയ്യുന്നുണ്ട്. |
| സി) ഇവിടെ നിന്നും ഏതെല്ലാം രാജ്യങ്ങളിലേക്ക് അലങ്കാര മത്സ്യം കയറ്റുമതി ചെയ്യുന്നു; | സി) യൂറോപ്പ്, അമേരിക്ക എന്നീ രാജ്യങ്ങളിലേയ്ക്ക് അലങ്കാര മത്സ്യം കയറ്റുമതി ചെയ്യുന്നു. |
| (ഡി) ഏതെല്ലാം രാജ്യങ്ങളുമായി <u>വ്യാപാരത്തിനുള്ള</u> നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ഡി) റഷ്യ, ജർമ്മനി എന്നിവിടങ്ങളിൽ നിന്നും ഓർഡർ ലഭിച്ചിട്ടുണ്ട്. ലിബിയൻ ഇസ്രായേലുമായി കൂടിയാലോചന നടന്നുവരുന്നു. ചൈനയുമായി ധാരണാപത്രം ഒപ്പുവച്ചു. |
| ഇ) മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്വാശ്രയ ഗ്രൂപ്പുകൾക്ക് കമ്പനി എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത്; | ഇ) അലങ്കാര മത്സ്യകൃഷി തുടങ്ങുന്നതിന് കുടുംബശ്രീ അംഗങ്ങളുള്ളവർക്ക് 50,000 രൂപയും വ്യക്തികൾക്ക് 25,000 രൂപയും, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് സബ്സിഡി നൽകിവരുന്നു. പണി പൂർത്തിയായ യൂണിറ്റുകൾക്ക് മത്സ്യ കുഞ്ഞുങ്ങളെയും നൽകിവരുന്നു. |
| എഫ്) വളർച്ചയെത്തിയ കുഞ്ഞുങ്ങളെ കമ്പനി മുഖേന കയറ്റുമതി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | എഫ്) സാറ്റലൈറ്റ് ഫാമുകളിലും ഹോംസ്റ്റഡ് ഫാമുകളിലും ഉത്പാദിപ്പിക്കുന്ന മത്സ്യം 'കാവിൽ' വഴി കയറ്റുമതി ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.338 14-7-2010-ന് മറുപടിക്ക്

സമ്പൂർണ്ണ ശുചിത്വമിഷൻ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ജയരാജൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.കെ.ദിവാകരൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) ഗ്രാമവികസന മേഖലയിലും നഗര വികസന മേഖലയിലും ഏതെല്ലാം കേന്ദ്ര സഹായമുള്ള പദ്ധതി കളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

എ) നഗര വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്. എം.റ്റി. പദ്ധതികൾ കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത ഭവനനിർമ്മാണ ചേരി വികസന പദ്ധതി (ഐ.എച്ച്.എസ്.ഡി.പി.), ബേസിക് സർവ്വീസസ് ടു ദ അർബൻ പുവർ (ബി.എസ്.യു..പി), സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ), എന്നിവയാണ് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത നഗരവികസന പദ്ധതികൾ.

നഗര വികസന മേഖലയിൽ ഇന്റർ ഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (**ILCS**) എന്ന പരിപാടി ശുചിത്വ മിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

ഗ്രാമവികസന മേഖലയിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം (**Total Sanitation Campaign -TSC**)), കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ് (**CCDU**) എന്നീ പരിപാടികൾ നടപ്പാക്കി വരുന്നു.

..................2/-

ഗ്രാമവികസന കമ്മീഷണർ വഴി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന, ഇന്ദിരാ ആവാസ്‌യോജന, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, ഹരിയാലി/ ഐ.ഡബ്ല്യു.ഡി.പി., സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നീ കേന്ദ്രസഹായമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാർ വന്നശേഷം എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ബി) പുരോഗതിയുണ്ടായിട്ടുണ്ട്. (വിശദവിവരം അനുബന്ധം 1, 2 ആയി ചേർക്കുന്നു)

സി) പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനകളും മാർഗ്ഗ നിർദ്ദേശങ്ങളും തടസ്സം സൃഷ്ടിക്കുന്നുണ്ടോയെന്നറിയിക്കുമോ;

സി) സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ താഴെ നിർദ്ദേശിക്കുന്ന വിഷയങ്ങൾ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

1. നിലവിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്ന സാനിട്ടറി കക്കൂസിന് 2,500/ രൂപയാണ്. സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള നിർമ്മാണ ചെലവിന് അനുസൃതമായിട്ടുള്ളതല്ല ഈ തുക. പ്രത്യേകിച്ച് വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, തീരദേശങ്ങൾ, ജല ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ, പാറക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ 2,500/- രൂപ ഉപയോഗിച്ച് ഒരു സാനിട്ടറി കക്കൂസ് നിർമ്മിക്കുന്നത് അസാധ്യമാണ്.

2. സ്കൂൾ ടോയ്‌ലറ്റിന് അനുവദിച്ചിട്ടുള്ളത് 20,000 രൂപയാണ്. ഈ തുക പരിമിതമാണ്.
3. അംഗനവാടി ടൊയ്‌ലറ്റ് നിർമ്മിാണത്തിന് യൂണിറ്റ് കോസ്റ്റ് 5000 രൂപയാണ്. ഈ തുക പരിമിതമാണ്.
4. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമെ ടോയ്‌ലറ്റ് യൂണിറ്റുകൾ അനുവദിക്കുന്നതിന് വ്യവസ്ഥയുള്ളു. എന്നാൽ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ടോയ്‌ലറ്റ് യൂണിറ്റ് നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ല.

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8 മീറ്റർ വീതി വേണമെന്നുള്ള നിബന്ധന, റോഡിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ, കേബിളുകൾ, കുടിവെള്ള **പൈപ്പുകൾ** തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവുകൾ സംസ്ഥാനം വഹിക്കണമെന്ന നിബന്ധന, ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ തുക അപര്യാപ്തമായത് എന്നിവ പദ്ധതി നടത്തിപ്പിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ഡി) സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, തീരദേശങ്ങൾ, ജല ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ, പാറക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവയ്ക്ക് ഉയർന്ന യൂണിറ്റ് കോസ്റ്റ് ഓരോ പ്രത്യേക പ്രദേശത്തിനും അനുസൃതമായി നിശ്ചയിക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചു വരുന്നു.
2. പെൺകുട്ടികൾക്ക് സൗഹൃദ പരമായ ടോയ്‌ലറ്റ് യൂണിറ്റുകൾ സ്കൂളുകളിൽ നിർമ്മിക്കുന്നതിന് 55,000/- രൂപ വരെ ചെലവഴിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. 35000 രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്താൻ നിർദ്ദേശിച്ചിട്ടുണ്ട്
3. അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് 11900 രൂപ യൂണിറ്റ് കോസ്റ്റായി സംസ്ഥാന സർക്കാർ നിശ്ചയിട്ടിട്ടുണ്ട്. 6,900/- രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
4. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിലും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ഉത്തരവ് നൽകാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

.........5/

| | | | |
|---|---|---|---|
| | | | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഏറ്റെടുക്കുന്നറോഡുകൾ സംബന്ധിച്ചുള്ള തടസ്സം നീക്കുന്നതിനായി 8 മീറ്റർ വീതിയുള്ള റോഡുകൾ നിർദ്ദേശിച്ചും, യൂട്ടിലിറ്റികൾ മാറ്റുന്നതിനുള്ള തുക പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയും, വീട് നിർമ്മിക്കുന്നതിന് അധിക സഹായം പഞ്ചായത്തുകളിലെ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയും, ഇത്തരം നിബന്ധനകൾ മൂലം ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസ്ഥകൾ മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കാലാകാലങ്ങളിൽ പെടുത്തുന്നുണ്ട്. |
| ഇ) | സമ്പൂർണ്ണ ശുചിത്വമിഷൻ പ്രവർത്തനത്തിൽ എന്തുമാത്രം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; | ഇ) | സമ്പൂർണ്ണ ശുചിത്വ യജ്ഞം, മാലിന്യ മുക്ത കേരളം പരിപാടി, ഖരമാലിന്യ പരിപാലനം, ശാസ്താംകോട്ട ശുദ്ധ ജലതടാകത്തിന്റെ പരിസ്ഥിതി പുനരുജ്ജീവനം, വിവിധ പഠനങ്ങൾ എന്നിവ ഇപ്പോൾ ശുചിത്വ മിഷൻ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. |
| എഫ്) | നിർമ്മൽ പുരസ്ക്കാരം നേടിയ പഞ്ചായത്തുകൾക്ക് സമ്മാനത്തുകയായി എത്ര കോടി രൂപ ലഭിച്ചു എന്നു വെളിപ്പെടുത്തുമോ? | എഫ്) | നിർമ്മൽ പുരസ്കാരം നേടിയ 869 ഗ്രാമപഞ്ചായത്തുകൾക്കും, 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും, 6 ജില്ലാ പഞ്ചായത്തുകൾക്കും കൂടി 67.35 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

(അനുബന്ധം 1, 2 ഉം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 339

14-7-2010 ൽ മറുപടിക്ക്

## പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കുമോ; | എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യവികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി ടൂറിസം വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) ന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനത്തെ "കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ്" എന്ന പേരിൽ പുനസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) റ്റി.ആർ.കെ.എൽ-ന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഏതെങ്കിലും ടൂറിസം പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശി | ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ ടി.ആർ.കെ.എൽ ഇതിനോടകം തന്നെ |

ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

ആരംഭിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ആദ്യ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസ കേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഏകദേശം 150 കോടി രൂപയാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നത്.

ഇതു കൂടാതെ ടൂറിസം വകുപ്പിന്റെ അധീനതയിൽ വർക്കല ഗസ്റ്റ് ഹൗസ് പരിസരത്തെ ഏകദേശം 6.47 ഏക്കർ ഭൂമിയിൽ പൊതു-സ്വകാര്യ- പങ്കാളിത്ത മാതൃകയിൽ പുതിയൊരു ടൂറിസം പദ്ധതികൂടി ടി.ആർ.കെ.എൽ മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സി) ഇപ്പോൾ നടത്തിവരുന്ന ഹോട്ടൽ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

സി) ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ്, ഇന്ത്യൻ ഹോട്ടൽ കമ്പനി ലിമിറ്റഡ്, എന്നിവയുടെ സംയുക്ത സംരംഭമായ താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്‌സ് ലിമിറഡ് (TKHRL) എന്ന കമ്പനിയുടെ മേൽനോട്ടത്തിൽ കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിലായി മൂന്ന് ഹോട്ടൽ പദ്ധതികൾ നടത്തിവരുന്നുണ്ട്.

ഡി) ടൂറിസം രംഗത്തെ നിക്ഷേപ സാധ്യതകൾ ചൂണ്ടിക്കാട്ടുന്നതിനും

ഡി) 1. വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര സർക്കാർ

നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ?

ഏജൻസികൾ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ മെഗാ ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ള ഒരു പദ്ധതി ടി.ആർ.കെ.എൽ ആവിഷ്കരിച്ചിട്ടുണ്ട്.

2. ഇതു കൂടാതെ ഒരു പ്രദേശത്തിന്റ സമഗ്ര വികസനത്തിനായി അവിടത്തെ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി വികസിപ്പിക്കുവാനും നടപ്പിലാക്കുവാനും ജനപങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണ് സപര്യ ടൂറിസം പദ്ധതി. ടൂറിസത്തെ പ്രാദേശിക വികസനത്തിനും, തദ്ദേശീയരുടെ സാമ്പത്തിക വികസനത്തിനും വിനിയോഗിക്കുക വഴി വികേന്ദ്രീകൃത ജനകീയ ടൂറിസം പദ്ധതിയാണ് സപര്യ. ഈ പദ്ധതിയ്ക്ക് 22-5-2010 ലെ സ.ഉ(സാധാ) നം. 3796/2010/ടൂറിസം പ്രകാരം അറുപത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 340 | 14-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## സ്വകാര്യ സുരക്ഷാ ഏജൻസികൾക്ക് ലൈസൻസും വെരിഫിക്കേഷനും നിർബന്ധമാക്കുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. എ. കെ. ചന്ദ്രൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വാണിജ്യ സ്ഥാപനങ്ങളിലും മറ്റും സുരക്ഷാ ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് പോലീസ് വെരിഫിക്കേഷനും, ഏജൻസികൾക്ക് ലൈസൻസും നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; | (എ) കേന്ദ്രസർക്കാരിന്റെ 2005 –ലെ സ്വകാര്യ സുരക്ഷാ ഏജൻസികൾ (ക്രമീകരണം) നിയമത്തിലെ 25–ാം വകുപ്പ് പ്രകാരം, കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള മാതൃകാ ചട്ടങ്ങളുടെ ചുവടുപിടിച്ച്, ടി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ എന്തെല്ലാം ചട്ടങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) സ്വകാര്യ സുരക്ഷാ ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ, അവ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ, സുരക്ഷാ ഏജൻസികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ, സുരക്ഷാ ജീവനക്കാർക്ക് വേണ്ട ശാരീരിക യോഗ്യതകൾ, അവർക്കുള്ള പരിശീലന പദ്ധതി, പരിശീലന സ്ഥാപനങ്ങൾ തുടങ്ങുന്നതിനും തുടരുന്നതിനുമുള്ള വ്യവസ്ഥകൾ, ഇവയ്ക്കുള്ള ഫീസ്, പരാതിയിന്മേലുള്ള അപ്പീലുകൾ നൽകുന്നതിനും പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകൾ എന്നിവ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

(സി) സെക്യൂരിറ്റി ആക്ട് പ്രകാരമുള്ള കർത്തവ്യ നിർവ്വഹണത്തിന് ഒരു കൺട്രോളിംഗ് അതോറിറ്റി രൂപീകരി ച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ അതോറിറ്റിയുടെ ചുമതലകൾ വിശദമാക്കുമോ ?

(സി) സംസ്ഥാന ആഭ്യന്തരവകുപ്പിലെ ജോയിന്റ് സെക്രട്ടറിയെയാണ് കൺട്രോളിംഗ് അതോറിറ്റിയായി നിർദ്ദിഷ്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തി ട്ടുള്ളത്. സ്വകാര്യ സുരക്ഷാ ഏജൻസി കൾ തുടങ്ങുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ, തുടർ അന്വേഷണങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം നടത്തൽ, ലൈസൻസ് നൽകൽ, പിൻവലിക്കൽ, തുടർപ്രവർത്തനാനു മതി നൽകൽ, ഫീസ് സ്വീകരിക്കൽ എന്നിവയാണ് കൺട്രോളിംഗ് അതോറിറ്റിയുടെ ചുമതലകൾ

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 341

14.07.2010-ൽ മറുപടിക്ക്

## ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ വന്നശേഷം എത്രയെണ്ണം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു; എത്രയെണ്ണം കമ്മീഷൻ ചെയ്തു; | എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖം, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മത്സ്യബന്ധന തുറമുഖം, ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം ഒന്നാംഘട്ടം, ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം ഒന്നാംഘട്ടം, എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം ഒന്നാംഘട്ടം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നിങ്ങനെ 7 മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെത്തി, ചെല്ലാനം എന്നീ ഹാർബറുകളുടെ രണ്ടാംഘട്ട നിർമ്മാണവും കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം ആരംഭിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികളും പൂർത്തിയായി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഹാർബർ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഒരു ഹാർബറും കമ്മീഷൻ ചെയ്തിട്ടില്ല. |
| ബി) ഇപ്പോൾ എത്രയെണ്ണം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു; | ബി) വിഴിഞ്ഞം, മുതലപ്പൊഴി, തോട്ടപ്പള്ളി, പൊന്നാനി, കൊയിലാണ്ടി, തലായ്, കാസർഗോഡ്, ചെത്തി ഒന്നാം ഘട്ടം, അർത്തുങ്കൽ ഒന്നാം ഘട്ടം, ചെല്ലാനം ഒന്നാം ഘട്ടം, ചേറ്റുവ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലായി നടന്നുവരുന്നു. |
| സി) എത്രയെണ്ണം ഹാർബറുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തു; എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട്; | സി) മാപ്പിളബേ, ചോമ്പാൽ, പുതിയാപ്പ, ബേപ്പൂർ, നീണ്ടകര എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.<br>പുതിയാപ്പ, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടി ഉടൻ ആരംഭിക്കുന്ന താണ്.<br>നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് 895 ലക്ഷം രൂപയുടെ നവീകരണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| ഡി) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | ഡി) എസ്റ്റിമേറ്റും നിർമ്മാണ ഡിസൈനുകൾ പരിശോധിച്ചുവരുന്നു. അംഗീകാരം കഴിഞ്ഞാലുടൻ ഹാർബർ നിർമ്മാണം ആരംഭിക്കാമെന്ന് കരുതുന്നു. |
| ഇ) ഫിഷിംഗ് ഹാർബറുകളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) ഫിഷിംഗ് ഹാർബറുകൾ വിഭാവനം ചെയ്യുന്ന സമയത്തുതന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളും പരിഗണി ക്കുന്നുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.342 | 14-07-2010- ൽ മറുപടിയ്ക്ക്

**ആഭ്യന്തര മത്സ്യവിപണി ശക്തിപ്പെടുത്തുന്നതിന് നടപടി**

ചോദ്യം | മറുപടി

ശ്രീ. പി. വിശ്വൻ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ:
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:
ശ്രീ. സി.എം. ദിനേശ്മണി:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) ആഗോള സാമ്പത്തികമാന്ദ്യം മൂലം മത്സ്യ മേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ആഗോള മാന്ദ്യം നേരിടുന്നതിന് ഏറ്റവും യുക്തമായ നടപടി ആഭ്യന്തര വിപണി ശക്തിപ്പെടുത്തുക എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ മത്സ്യഫെഡ് 568 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു. ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ മത്സ്യം അതത് പ്രദേശങ്ങളിൽ തന്നെ ലഭ്യമാക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി കൊച്ചി, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ച് മത്സ്യ ചില്ലറ വിൽപ്പന ബൂത്തുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നതിനാണ് നടപടികൾ കൈക്കൊണ്ടു വരുന്നത്. ഇതിലേയ്ക്ക് കൊച്ചിൻ കോർപ്പറേഷൻ, ജി.സി.ഡി.എ. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കോഴിക്കോട് കോർപ്പറേ |

| | |
|---|---|
| | ഷൻ എന്നിവയുടെ സഹകരണവും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേയ്ക്കു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>ഇതുകൂടാതെ മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നിവിടങ്ങളിൽ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടുകൂടി ഐസ് പ്ലാൻറും, കോൾഡ് സ്റ്റോറേജും നിർമ്മിച്ച് മത്സ്യ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി വഴി സാധിക്കും. ഹാർബറുകളിലും, പ്രധാന ലാൻറിംഗ് സെൻററുകളിലും, തെരഞ്ഞെടുക്കപ്പെട്ട മാർക്കറ്റുകളിലും ആധുനിക രീതിയിലുള്ള പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കി മത്സ്യത്തിൻെറ ഗുണമേന്മ ഉറപ്പുവരുത്തി ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആഗോള സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിനുവേണ്ടി അഡാക്ക് മുഖേന തീരദേശ ജില്ലകളിൽ കക്ക/ചിപ്പി കൃഷി പദ്ധതിയും കൂടുകളിലെ മത്സ്യ കൃഷി പദ്ധതിയും നടപ്പിലാക്കുന്നതിന് 150 ലക്ഷം രൂപ അഡാക്കിന് അനുവദിച്ചിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിന് സാഫ് |

| | |
|---|---|
| | വഴി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾക്ക് വിപണന സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) ആഭ്യന്തര മത്സ്യവിപണി ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി)<br>**(1) <u>മത്സ്യഫെഡ് വഴി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**<br>മത്സ്യത്തിൻെറ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുവേണ്ടി മത്സ്യഫെഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. മത്സ്യഫെഡ് പ്രാഥമിക വിപണിയിൽ സഹകരണ സംഘങ്ങൾ വഴി ലേലം സംഘടിപ്പിച്ച് ആദ്യ വില്പനയിൽ സ്വാധീനം ഉറപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യത്തിൻെറ വിപണിയിൽ ഹാർബറുകളിലും ലാൻറിംഗ് സെൻററുകളിലും ഐസിൻെറ ലഭ്യത ഉറപ്പിക്കുന്നതിനും താൽക്കാലിക സംഭരണശേഷി സൃഷ്ടിക്കുകയും വഴി മത്സ്യം കൂടുതൽ സമയം കേടുകൂടാതെ സൂക്ഷിക്കുവാൻ കഴിയും. നീണ്ടകര, അഴീക്കൽ, തോട്ടപ്പള്ളി എന്നിവിടങ്ങളിൽ മാന്ദ്യ പദ്ധതി പ്രകാരവും മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നിവിടങ്ങളിൽ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടെയും ഈ പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. മത്സ്യം നഗരവാസികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ചില്ലറ |

| | |
|---|---|
| | വിൽപ്പനശാലകൾ സ്ഥാപിക്കുന്ന പദ്ധതി കൊച്ചിയിലും, കോഴിക്കോടും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കോട്ടയം, കുണ്ടറ, പുനലൂർ മത്സ്യ മാർക്കറ്റുകൾ നവീകരിച്ച് മത്സ്യത്തിൻെറ വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാഴിലാളി സ്ത്രീകൾക്ക് വിപണനത്തിന് 5000 രൂപയുടെ പലിശ രഹിത വായ്പ നൽകി സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി മത്സ്യബൂത്തുകൾ, മത്സ്യവിപണന വാഹനങ്ങൾ, സീഫുഡ് കിച്ചൺ ഉൾപ്പെടെയുള്ള പദ്ധതികൾ വഴി മത്സ്യ വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br><br>മത്സ്യത്തിൻെറ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സംസ്ഥാന ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യവും മത്സ്യോൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുടനീളം ഒരു റീട്ടെയിൽ ശൃംഖല രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻെറ ആദ്യപടിയായി കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ചില്ലറ മത്സ്യ വിപണന ബൂത്തുകൾ കൊച്ചി, കോഴിക്കോട് നഗരസഭകൾ |

| | |
|---|---|
| | സ്ഥലം ലഭ്യമാക്കി ജി.സി.ഡി.എ. കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.<br>(2) **<u>അഡാക്ക് വഴി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**<br>കൂടുകളിലെ മത്സ്യകൃഷി പദ്ധതി, കേരളത്തിന്റെ കടലോര ജില്ലകളിലെ കക്ക/ചിപ്പി കൃഷി പദ്ധതികൾ അഡാക്ക് മുഖാന്തിരം നടപ്പാക്കി വരുന്നു.<br>(3) **<u>സാഫ് വഴി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**<br>ആഗോള സാമ്പത്തി മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിന് മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾക്ക് വിപണന സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. സാഫ് വഴി മത്സ്യ വിപണി ശക്തിപ്പെടുത്തുന്നതിന് 282 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള ഈ പദ്ധതി നടപ്പാക്കി വരുന്നു. |
| (സി) മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ? | (സി) **<u>മത്സ്യഫെഡ് വഴിയുള്ള പദ്ധതി</u>**<br>മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗമായ മത്സ്യബന്ധനോപകരണങ്ങൾ വായ്പയായി നൽകുന്നതിനായി 34.02 കോടി രൂപ അടങ്കൽ തുകയുള്ള ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന 2007-2008 ലെ സംയോജിത മത്സ്യ വികസന പദ്ധതിയും 2010- |

| | |
|---|---|
| | 11 സാമ്പത്തിക വർഷം 35.50 കോടിരൂപ അടങ്കൽ തുക വരുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>**അഡാക്കു വഴിയുള്ള പദ്ധതി**<br><br>കൂടുകളിലെ മത്സ്യകൃഷി പദ്ധതി, കേരളത്തിൻെറ കടലോര ജില്ലകളിലെ കക്ക /ചിപ്പി കൃഷി പദ്ധതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി നൽകുന്നതിന് 3402 കോടി അടങ്കൽ തുകയുള്ള ദേശീയ ധനകാര്യ വികസന കോർപ്പറേഷൻെറ സഹായത്തോടെ സംയോജിത മത്സ്യ വികസന പദ്ധതി 2008-09 മുതൽ നടപ്പാക്കിവരുന്നു. 2010-2011 വർഷത്തേയ്ക്ക് 35 കോടിരൂപ അടങ്കൽ തുക വരുന്ന പദ്ധതി ദേശീയ ധനകാര്യ വികസന കോർപ്പറേഷൻെറ പരിഗണനയിലാണ്.<br><br>**സാഫ് വഴിയുള്ള പദ്ധതി**<br><br>സാഫ് വഴി സംസ്ഥാനത്തുള്ള 12500 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഉപജീവനം നടത്തുന്നതിനുള്ള സഹായം നൽകി വരുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 343

14-7-2010 ൽ മറുപടിക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. കെ. ബാബു:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നികുതി സമാഹരണത്തിനായി നടപ്പാക്കി വരുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ വിപുലമായ തോതിൽ നടപ്പാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) ഈ പദ്ധതി നികുതി സമാഹരണത്തിനായി മാത്രം വിഭാവന ചെയ്തിരിക്കുന്ന ഒന്നല്ല. കേരളത്തെ ഒരു അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രം എന്നതുപോലെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു വാണിജ്യ കേന്ദ്രമാക്കി കൂടി മാറ്റുക എന്നതാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ നികുതിവരുമാനം വർദ്ധിപ്പിക്കുക എന്നുള്ളതുകൂടി ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പിലൂടെ ഉദ്ദേശി ക്കുന്നുണ്ട്. ഫെസ്റ്റിവലിന്റെ ജനപ്രീതി വർദ്ധിക്കുന്നതുകൂടി കണക്കിലെടുത്ത് ഈ വർഷം 101 കിലോ സ്വർണ്ണസമ്മാനം ഉൾപ്പെടെയുള്ളവ വിതരണം ചെയ്ത് അന്യസംസ്ഥാന ക്കാരെ കൂടുതൽ ആകർഷിക്കുംവിധം |

വിപുലമായി ഫെസ്റ്റിവൽ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

| | |
|---|---|
| ബി) ഈ പദ്ധതി കൂടുതൽ ആകർഷകമാക്കാനും കേരളത്തിലെത്തുന്ന അന്യ സംസ്ഥാനക്കാരെ ഇതിൽ പങ്കെടുപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | ബി) ഷോപ്പിംഗ് ഫെസ്റ്റിവൽ സീസണിൽ അന്യ സംസ്ഥാനക്കാർ കൂടുതലായും സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കാണ് എത്തുന്നത്. ഈ വർഷം തീർത്ഥാടന കേന്ദ്രങ്ങളെ ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പു കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യ സംസ്ഥാനക്കാരെ ഷോപ്പിംഗ് ഫെസ്റ്റിവലിനെപ്പറ്റി ബോധവൽക്കരണം നടത്താനുള്ള ലഘുലേഖകളും മറ്റു പ്രചാരണ രീതികളും നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും, പ്രമുഖപത്രങ്ങളിൽ ഷോപ്പിംഗ് ഫെസ്റ്റിവലിനെ കുറിച്ചുള്ള പരസ്യം നൽകുന്നതിനും ആലോചിച്ചു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ ഷോപ്പിംഗ് ഫെസ്റ്റിവൽ സമയത്ത് പർച്ചേസ് നടത്തുമ്പോൾ ഉപാധികളോടെ 60% വാറ്റ് നികുതി തിരികെ നൽകുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെത്തുന്ന ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകരെ പ്രസ്തുത പദ്ധതിയിലേക്ക് ആകർഷിക്കാനും പങ്കെടുപ്പിക്കാനും എന്തൊക്കെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; | സി) | ശബരിമല തീർത്ഥാടകരെ ആകർഷിക്കുന്നതിനായി ശബരിമല യിലേയ്ക്കു വരുന്ന പ്രധാന പാതകളുടെ ഇരുവശത്തുമുളള വ്യാപാര സ്ഥാപനങ്ങൾ അലങ്കരിക്കുന്നതിനും, ഉത്സവാന്തരീക്ഷം സൃഷ്ടിക്കും വിധത്തിലുളള പരിപാടികൾ ആസൂത്രണം ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | ഇതിനായി നമ്മുടെ അതിർത്തി സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ പ്രവർത്തനം നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | ഡി) | അന്യ സംസ്ഥാനത്തുനിന്നും കൂടുതൽ പേരെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പരസ്യ പ്രചാരണങ്ങൾ, റോഡ്ഷോകൾ എന്നിവ അന്യസംസ്ഥാനങ്ങളിൽ വിപുലമായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 344 — 14-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## ആരാധനാലയങ്ങളുടെ സുരക്ഷാ സംവിധാനങ്ങളും തെളിയിക്കപ്പെടാത്ത കേസുകളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. എ. സി. മൊയ്തീൻ : | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ആരാധനാലയങ്ങളുടെ സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | കേരളത്തിലെ പ്രമുഖ ആരാധനാലയങ്ങളുടെ സുരക്ഷാ പാളിച്ചകൾ തരണം ചെയ്യുന്നതിനായി അവയുടെ സുരക്ഷാ ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും അതിനനുസൃതമായി പരിഹാര നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (ബി) | ആരാധനാലയങ്ങളിൽ നടക്കുന്ന മോഷണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | സംസ്ഥാന പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ 15-5-2010-ലെ ഉത്തരവ് പ്രകാരം 1 എസ്.പി., 1 ഡി.വൈഎസ്.പി., 2 സി.ഐ, 2 എസ്.ഐ, 3 കോൺസ്റ്റബിൾ എന്നിവരടങ്ങുന്ന ഒരു സ്പെഷ്യൽ ടെമ്പിൾ ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ആരാധനാലയങ്ങളിലെ മോഷണങ്ങൾ അന്വേഷിക്കുന്നതിനായി ഡി.ജി.പി. നേരത്തെ രൂപീകരിച്ചിട്ടുള്ള 1 എസ്.പി., 12 ഡി.വൈഎസ്.പി., 36 സി.ഐ, 24 എസ്.ഐ, 91 എ. എസ്.ഐ /എച്ച്.സി/ കോൺസ്റ്റബിൾ അടങ്ങുന്ന ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീം പുതുതായി രൂപീകരിച്ച് സ്ക്വാഡിന് കീഴിൽ പ്രവർത്തനം തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ശബരിമല, ഗുരുവായൂർ ക്ഷേത്രങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രത്യേക സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ശബരിമല സീസൺ കാലത്ത് സമഗ്രമായ സുരക്ഷാ സന്നാഹങ്ങൾ ഒരുക്കി വരുന്നുണ്ട്. സംസ്ഥാന സായുധ പോലീസ്, അർദ്ധസൈനിക വിഭാഗം, ബോംബ് ഡിറ്റക്ഷൻ സ്ക്വാഡ്, സ്പെഷ്യൽ ബ്രാഞ്ച് പോലീസ്, അന്യ സംസ്ഥാന പോലീസ്, കമാണ്ടോ സ്ക്വാഡ്, കേന്ദ്ര ദുരന്തനിവാരണ സേന, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് , ക്രൈം സ്ക്വാഡ് എന്നിവ ഏകോപിപ്പിച്ച് സുരക്ഷാ സംവിധാനം ഒരുക്കിവരുന്നു. ക്ഷേത്ര നട തുറന്നിരിക്കുന്ന, സീസണല്ലാത്ത വിഷു, പ്രതിമാസ പൂജ ദിവസങ്ങളിലും ആവശ്യാനുസരണം സുരക്ഷാ സംവിധാനം ഒരുക്കുന്നുണ്ട്. ശബരിമല സുരക്ഷക്കായി മാത്രം അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുകയും അവ ഉപയോഗിച്ചു വരികയും ചെയ്യുന്നു.<br>ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള നാല് കവാടങ്ങളിലും ഡോർഫ്രെയിം മെറ്റൽ ഡിറ്റക്ടറുകളിലൂടെ മാത്രമാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്. ആന്റി സബോട്ടേജ് കോഴ്സ് പൂർത്തീകരിച്ചവരെ പ്രത്യേകമായി നിയോഗിച്ചിട്ടുമുണ്ട്. |
| (ഡി) | വിഗ്രഹമോഷണവുമായി ബന്ധപ്പെട്ട് തെളിയിക്കപ്പെടാത്ത എത്ര കേസുകൾ നിലവിലുണ്ട് ; ഇവ രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ ? | | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തിരുവനന്തപുരം : 3 എണ്ണം.

1. ഫോർട്ട് പിഎസ്. ക്രൈം നമ്പർ 225/10 തീയതി 4.3.2010.
2. കാഞ്ഞിരംകുളം പിഎസ്. ക്രൈം നം.110/07 തീയതി 21.6.2007
3. പാറശ്ശാല പിഎസ്. ക്രൈം നം. 449/07 തീയതി 27.9.2007.

(ബി) കൊല്ലം : 2 എണ്ണം

1. ശാസ്താംകോട്ട പിഎസ്. ക്രൈം നം. 319/05 തീയതി 21.6.2005
2. കുളത്തൂപ്പുഴ പിഎസ്. ക്രൈം നം.92/05 തീയതി 11.4.2005

(സി) ആലപ്പുഴ – 5 എണ്ണം

1. ചെങ്ങന്നൂർ പിഎസ്. ക്രൈം നമ്പർ 442/08 തീയതി 20.7.2008
2. ഹരിപ്പാട് പിഎസ്. ക്രൈം നമ്പർ 270/07 തീയതി 12.6.2007
3. കുറത്തികാട് പിഎസ്. ക്രൈം നമ്പർ 128/09 തീയതി 24..6.2008.
4. കുറത്തികാട് പിഎസ്. ക്രൈം നമ്പർ 265/09 തീയതി 11.6.2009
5. കൈനടി പിഎസ്. ക്രൈം നമ്പർ 61/06 തീയതി 22.10.2006

(ഡി). കോട്ടയം ; 9 എണ്ണം

1. മുണ്ടക്കയം പിഎസ്. ക്രൈം നമ്പർ 413/09 തീയതി 15.9.2009.
2. പാലാ പിഎസ്. ക്രൈം നമ്പർ 306/02 തീയതി 21.7.02
3. പാലാ പിഎസ്. ക്രൈം നമ്പർ 536/02 തീയതി 30.12.02
4. കടുത്തുരുത്തി പിഎസ്. ക്രൈം നമ്പർ 121/07 തീയതി 29.4.07
5. വൈക്കം പിഎസ്. ക്രൈം നമ്പർ 203/08 തീയതി 04.04.08
6. ചങ്ങനാശ്ശേരി പിഎസ്. ക്രൈം നമ്പർ 868/09 തീയതി 24.10.09.
7. കറുകച്ചാൽ പിഎസ്. ക്രൈം നമ്പർ 03/05 തീയതി 11.01.05.
8. കറുകച്ചാൽ പിഎസ്. ക്രൈം നമ്പർ 369/09 തീയതി 23.9.09.
9. കോട്ടയം ഈസ്റ്റ് പിഎസ്. ക്രൈം നമ്പർ 693/08 തീയതി 23.12.08.

(ഇ) ഇടുക്കി – 1 എണ്ണം

1. വെള്ളത്തൂവൽ പിഎസ്. ക്രൈം നമ്പർ 318/09 തീയതി 16.12.09.

(എഫ്) എറണാകുളം – 4 എണ്ണം

1. വടക്കേക്കര പിഎസ്. ക്രൈം നമ്പർ 283/03 തീയതി 01.11.03.
2. വടക്കേക്കര പിഎസ്. ക്രൈം നമ്പർ 443/10 തീയതി 22.6.10.
3. കാലടി പിഎസ്. ക്രൈം നമ്പർ 365/09 തീയതി 26.3.09.
4. മൂവാറ്റുപുഴ പിഎസ്. ക്രൈം നമ്പർ 558/07 തീയതി 31.5.07.

(ജി) പാലക്കാട് – 1 എണ്ണം

1. പട്ടാമ്പി പി.എസ്. ക്രൈം നമ്പർ 456/09 തീയതി 18.08.09.

(എച്ച്) കോഴിക്കോട് – 1 എണ്ണം

1. ചേവായൂർ പി.എസ്. ക്രൈം നമ്പർ 376/08 തീയതി 26.9.08

(ഐ) കണ്ണൂർ – 4 എണ്ണം

1. വളപട്ടണം പി.എസ്. ക്രൈം നമ്പർ 245/02 തീയതി 24.4.02.
2. കൂത്തുപറമ്പ് പി.എസ്. ക്രൈം നമ്പർ 150/07 തീയതി 03.07.07.
3. ഇരിട്ടി പി.എസ്. ക്രൈം നമ്പർ 254/06 തീയതി 12.9.06.
4. പേരാവൂർ പി.എസ്. ക്രൈം നമ്പർ 116/06 തീയതി 18.03.06.

(ജെ) കാസർഗോഡ് – 11 എണ്ണം

1. ആദൂർ പി.എസ്. ക്രൈം നമ്പർ 173/01 തീയതി 27.9.01.
2. മഞ്ചേശ്വരം പി.എസ്. ക്രൈം നമ്പർ 281/06 തീയതി 25.8.06
3. മഞ്ചേശ്വരം പി.എസ്. ക്രൈം നമ്പർ 209/08 തീയതി 26.7.08
4. ബദിയടുക്ക പി.എസ്. ക്രൈം നമ്പർ 134/07 തീയതി 2.8.07.
5. കാസർഗോഡ് പി.എസ്. ക്രൈം നമ്പർ 366/10 തീയതി 18.4.10.
6. ഹോസ്ദുർഗ് പി.എസ്. ക്രൈം നമ്പർ 438/01 തീയതി 20.8.01.
7. ഹോസ്ദുർഗ് പി.എസ്. ക്രൈം നമ്പർ 439/05 തീയതി 01.07.05.
8. ബേക്കൽ പി.എസ്. ക്രൈം നമ്പർ 150/05 തീയതി 09.05.05.
9. ഹോസ്ദുർഗ് പി.എസ്. ക്രൈം നമ്പർ 572/09 തീയതി 02.7.09.
10. ബേക്കൽ പി.എസ്. ക്രൈം നമ്പർ 358/09 തീയതി 15.10.09.
11. ബേക്കൽ പി.എസ്. ക്രൈം നമ്പർ 286/09 തീയതി 20.8.09.

(കെ) ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീം – 3 എണ്ണം

1. കോഴിക്കോട് ക്രൈം നമ്പർ 457/09 തീയതി 01.09.09.
2. തൃശ്ശൂർ ക്രൈം നമ്പർ 312/08 തീയതി 30.5.08.
3. കണ്ണൂർ ക്രൈം നമ്പർ 227/10 തീയതി 27.6.10

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. റ്റി.345

14.07.2010-ൽ മറുപടിയ്ക്ക്

## നിർദ്ധനരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ :<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്തെ നിർദ്ധനരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയിൻ കീഴിൽ ധനസഹായമായി ഇതുവരെ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് ; | എ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിയ്ക്കുന്നതിന് സഹായം ലഭ്യമാക്കുന്ന പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്രവിഹിതമായി 1996-97 മുതൽ ഇതുവരെ 867.27 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി. പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി. പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഇവയാണ്.<br><br>(1). പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥ സംവിധാനത്തെ ഉപയോഗിച്ച് വരുന്നു.<br>(2). പദ്ധതി നടത്തിപ്പ് സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുകയും, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, വീട് പണിയുടെ പുരോഗതി എന്നിവ യഥാസമയം അവലോകനം ചെയ്യുകയും ചെയ്തു വരുന്നു.<br>(3). പദ്ധതിയുടെ ഭൗതികലക്ഷ്യം ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെ വർഷാരംഭത്തിൽ തന്നെ അറിയിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു.<br>(4). ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീടിന് ലഭ്യമാകുന്ന തുക, 38,500/- രൂപ (അതിന്റെ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന ഗവൺമെന്റ് വിഹിതവും) മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പൊതുവിഭാഗം-75,000/-രൂപ, പട്ടികജാതി-1,00,000/- രൂപ, പട്ടികവർഗ്ഗം-1.25 ലക്ഷം രൂപ എന്നീ ക്രമത്തിലാണ് നൽകുന്നത്. ഇതേ നിരക്കിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനായി ത്രിതല |

പഞ്ചായത്തുകളിൽ നിന്നും അധിക സഹായം നൽകുന്നതിന് അനുമതി നൽകുകയും ഇതനുസരിച്ച് അധിക സഹായം ഗുണഭോക്താക്കൾക്ക് നൽകി വരികയും ചെയ്യുന്നു.
(5). പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുകയും വിവിധ രീതിയിലുള്ള വീടുകളുടെ പ്ലാനും ഡിസൈനും ലഭ്യമാക്കുകയും ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| സി. | പ്രസ്തുത പദ്ധതിക്കായി ലഭ്യമായ കേന്ദ്ര സഹായം പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞുവോ ; | സി. | ഇല്ല. പദ്ധതി പ്രവർത്തനം നടന്നു വരുന്നു. |
| ഡി. | പ്രസ്തുത പദ്ധതിയനുസരിച്ച്, ഈ സാമ്പത്തിക വർഷം എന്തു തുകയാണ് ലഭിച്ചത് ; | ഡി. | നടപ്പ് സാമ്പത്തിക വർഷം 87.842 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ഇ. | ഇതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞാൽ, ഈ വർഷം ഇനിയും ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തിന് എന്തു തുക കൂടി ലഭിക്കും ? | ഇ. | കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രണ്ടാം ഗഡുവിന് അപേക്ഷിയ്ക്കുമ്പോൾ ഈ വർഷം 98.065 കോടി രൂപ കൂടി ലഭിയ്ക്കും. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:346 — 14-7-2010-ന് മറുപടിക്ക്

**മാലിന്യമുക്ത കേരളം പരിപാടി കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹിം<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ഈ വർഷം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | എ) മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയുണ്ടായി. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപിപ്പിച്ച പ്രവർത്തനം മുൻ വർഷക്കാലങ്ങളിലെപ്പോലെ ഇപ്രാവശ്യവും പ്രാവർത്തികമാക്കി. ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് വാർഡ്തല ശുചിത്വമാപ്പിംഗ്, മഴക്കാലപൂർവ്വ ശുചീകരണം, ഡ്രൈഡേ ആചരണം, സ്കൂൾതല ശുചീകരണ പ്രവർത്തനം, വ്യാപകമായ പ്രചരണം എന്നിവ അടക്കമുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുകയുണ്ടായി. |
| ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) ആരോഗ്യവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താ ഭിമുഖ്യത്തിലാണ് മഴക്കാലപൂർവ്വ ശുചീകരണം സംഘടിപ്പിച്ചത്. കൃഷി, മൃഗസംരക്ഷണം, ജലവിഭവം, സാമൂഹ്യക്ഷേമം, |

| | | |
|---|---|---|
| | | പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളേയും, എൻ.ആർ.എച്ച്.എം., എസ്.എസ്.എ., തൊഴിലുറപ്പ് പദ്ധതി മിഷൻ എന്നീ ഏജൻസികളേയും ഏകോപിപ്പിക്കുക യുണ്ടായി. |
| സി) | ശുചീകരണ യജ്ഞത്തിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) | മാലിന്യമുക്ത കേരളം പരിപാടി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) ഇപ്പോൾ കാര്യക്ഷമമായാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 347 14/7/2010 – ൽ മറുപടിയ്ക്ക്

പോലീസ് സേനയിൽ പുതുതായി ചേരുന്നവർക്ക് ആധുനിക പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. ടി. എൻ. പ്രതാപൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് സേനയിൽ പുതുതായി ചേരുന്നവരുൾപ്പെടെ യുള്ളവർക്ക് നൽകുന്ന പരിശീലന പരിപാടികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | (എ) സൈബർ കുറ്റകൃത്യങ്ങൾ, കമ്മ്യൂണിറ്റി പോലീസിങ്ങ്, ഡിസാസ്റ്റർ മാനേജ്മെൻറ്, ജെൻഡർ ജസ്റ്റീസ്, ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിലും, ട്രാഫിക് അപകടങ്ങളെ സംബന്ധിച്ചുള്ള കേസന്വേഷണത്തിലും വിദഗ്ദ്ധ പരിശീലനം, സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അവബോധം, പട്ടികജാതി – പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുവാനുള്ള പരിശീലനങ്ങൾ എന്നീ വിഷയങ്ങളിൽ പ്രത്യേക മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ആധുനിക രീതിയിലുള്ള പരിശീലന പരിപാടികൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച | (ബി) ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി 11/10/2006 ലെ |

| | |
|---|---|
| നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടുണ്ടോ ; | സർക്കാർ കത്ത് നം. 37849/ഇ1/03/ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിൽ വ്യക്തമായ ഒരു സ്ഥലംമാറ്റ മാനദണ്ഡം ഉണ്ടാക്കുന്നതിനും, പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം/പരിശീലനം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെട്ട കരിയർ പ്ലാനിംഗ് സംബന്ധിച്ച് കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിരുന്നു. അതു പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ ചെയർമാനായും, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റേണൽ സെക്യൂരിറ്റി), ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ, സൂപ്രണ്ട് ഓഫ് പോലീസ് ( ഹെഡ് ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ മേൽ വിഷയങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 6/1/2007 ലെ പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ ഉത്തരവ് നം. എസ്1/17711/01 പ്രകാരം നിയോഗിച്ചിരുന്നു. ഈ കമ്മിററി അപ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (സി) സേനയിലേയ്ക്ക് പുതുതായി വരുന്നവർക്ക് ആധുനിക സാങ്കേതിക | (സി) ആധുനിക പരിശീലന പരിപാടികൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര |

| | |
|---|---|
| വിദ്യ അനുസരിച്ചുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ പൊതുവായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | ആഭ്യന്തര മന്ത്രാലയത്തിൻെറ കീഴിലുള്ള ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻറ് ഡവലപ്മെൻറിൻെറ ( ബി പി ആർ ആൻറ് ഡി) 5 വർഷത്തെ പെർസ്പെക്റ്റീവ് പ്ലാനിൽ വിശദീകരിച്ചിട്ടുണ്ട്. |
| (ഡി) ആധുനിക സംവിധാനങ്ങൾ ക്കനുസരിച്ച് പോലീസ് സേനാംഗങ്ങൾക്ക് തുടർപരിശീലനം നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ? | (ഡി) കാലാനുസൃതമായ കുറ്റകൃത്യങ്ങൾക്കുള്ള മാറ്റങ്ങൾക്കനുസരിച്ച് അന്വേഷണത്തിനുള്ള പ്രാപ്തിയും, അറിവും ആർജ്ജിക്കുന്നതിലേക്കായി പുതിയ ഹ്രസ്വകാല പരിശീലനം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 348 | 14.07.2010-ൽ മറുപടിയ്ക്ക്

## കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | : (എ) സർക്കാരിന്റെ വിവിധ വകുപ്പുകളായ പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ജയിൽ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയാണ് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനം. കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സാങ്കേതികവും ഭരണപരവുമായ ജോലികൾ നിർവ്വഹിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ അവരുടെ സമ്മതവും യോഗ്യതയും പരിഗണിച്ച് സർക്കാർ ഉത്തരവ് അനുസരിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. സമയോചിതമായ അവലോകനങ്ങളിലൂടെയും സൈറ്റ് സന്ദർശനങ്ങളിലൂടെയും കോർപ്പറേഷന്റെ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നുണ്ട്. മിന്നൽ പരിശോധനകളും നടത്താറുണ്ട്. കാര്യക്ഷമമായ ഒരു വിജിലൻസ് വിങ് ഈ കോർപ്പറേഷനിൽ പ്രവർത്തിക്കുകയും കോർപ്പറേഷനിൽ ലഭിക്കുന്ന പരാതികൾക്ക് അപ്പപ്പോൾ തന്നെ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർ - വത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. |
| (ബി) കോർപ്പറേഷൻ ഇപ്പോൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ; | : (ബി) കോർപ്പറേഷൻ ഇപ്പോൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനുബന്ധം-I ലും, അനുബന്ധം-II ലും നൽകുന്നു. |
| (സി) പുതുതായി പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | : (സി) ഇല്ല |
| (ഡി) പോലീസ് സ്റ്റേഷനുകൾ, സർക്കിൾ ഓഫീസുകൾ, ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങിയവയ്ക്ക് ഏകീകൃത ഡിസൈൻ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കോർപ്പറേഷന്റെ സാമ്പത്തിക നില വ്യക്തമാക്കുമോ? | : (ഡി) പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ട്രാഫിക് പോലീസ് സ്റ്റേഷൻ എന്നിവയ്ക്ക് ഏകീകൃത ഡിസൈൻ സ്വീകരിച്ചിട്ടില്ല. 31.03.2010 വരെ കോർപ്പറേഷന്റെ അക്കൗണ്ടുകളിലുള്ള തുകയുടെവിവരം ചുവടെ കൊടുക്കുന്നു:<br>സബ്ട്രഷറി TPA No.159 - 34.88 കോടി രൂപ<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വെള്ളയമ്പലം - 1.59 കോടി രൂപ<br>ടേം ഡെപ്പോസിറ്റ്<br>(സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വെള്ളയമ്പലം) - 51 കോടി രൂപ |

സെക്ഷൻ ഓഫീസർ

ഭൂരേഖാംശം - I

## LIST OF ONGOING WORKS UNDERTAKEN BY KPHCC

| Sl No | NAME OF WORK | LOCATION | Name of Contractor |
|---|---|---|---|
| | **THIRUVANANTHAPURAM** | | |
| 1 | Additional construction proposed for barrack - *accomodation* for 100 police men | Milk colony, Poonthura | **Suresh Kumar** |
| 2 | Septic tank & sewage percolation drains for police quarters, | Nemom | **R.Rajan** |
| 3 | Development & modernisation of SPMR in SBCID HQ | Pattom | **S.K Electricals** |
| 4 | State Safe Houses | Valiyathura (shifted from Ambalappuzha ) | **R. Rajan** |
| 5 | New barrak | SAP (as Extn on PHQ) | **Ajantha Kumar** |
| 6 | Const. of PS, AC Office, Extn PS (2 nos) | Valiyathura | |
| 7 | Setting up of Mess Hall in PTC | PTC | **N. Ajanthakumar** |
| 8 | Extn. To FSL building at PHQ | PHQ | **N. Ajanthakumar** |
| 9 | Police station | Mannathala | **S. Ratheesh** |
| 10 | AP Battalion HQ | SAP | **Santhamma** |
| 11 | USQ (Mess) | SAP | **Global Constn** |
| 12 | Police Resouce center | Kazhakkuttom | **Ratheesh** |
| 13 | Women cell | Nandavanom | **Abdul Salem** |
| 14 | Infrastructure facilities P.T.C | PTC | **SasiKumar** |
| 15 | Flooring at SBCID | PHQ | **Ratheesh** |
| 16 | Additional works in CBCID HQ | PHQ | **Rajagopal** |
| 17 | Control room, SBCID,PHQ | PHQ | **Rajagopal** |
| | Control room, SBCID, | Pattom | **Suresh kumar** |
| 21 | Vertical extension to F.S.L at PHQ | PHQ | **Ajantha Kumar** |
| 22 | Internal Electrification | PHQ | **Suresh kumar** |
| 23 | Martyrs' Column at PHQ- Sculpture work | PHQ TVM | **A.Paulson** |
| 24 | Manufactory in Open Prison | Nettukalthei, TVPM | **Rose Free** |
| 25 | Multi-Purpouse Block, between C & D | Central Prison, Poojappura | **R. Rajan** |
| 26 | Deepening of Pond & Side Wall Construction | Central Jail Poojappura | **R. Rajan** |
| 27 | New Barracks - Block A | Open Prison Nettukaltheri (Jail Works) | **C.Rosefree** |
| 28 | New Block - A, near hospital | Central Prison, Poojappura | **R. Rajan** |
| 30 | Additional block B(in bet ween D & E) , central prison, TVM | Central Prison, Poojappura | **R. Rajan** |
| 31 | Proposed building of Cattle shed at open prison | Nettukaltheri | **Manikandan** |
| 33 | Compound wall in Central Prison | Poojappura | **R.Rajan** |
| | **KOLLAM** | | |
| 1 | Lower Subordinate Quarters (balance work) | Ashramom | **Mohammed Shameer** |
| 2 | CBCID & SBCID Office | Kollam- SP Office | **M/S.Oceanous** |

| Sl No | NAME OF WORK | LOCATION | Name of Contractor |
|---|---|---|---|
| 3 | Police Station | Sasthankotta | **M.Basheer** |
| 4 | Upper Subordinate Quarters | Pathanapuram | **Mohd shameer** |
| 5 | USQ (along with LSQ, Kadakkal) - Balance work | Kadakkal | **Meera Constructions** |
| 6 | Lower Subordinate Quarters | Kadakkal | |
| 7 | Extn Police Station | Chadayamangalam Now (SDPO Kollam) | **Rajashekaran Nair** |
| 8 | WPC RR(along with Extn.to PS at SDPO Kollam ) | DPO Compound | **Rajashekaran Nair** |
| 9 | PSPolice Station & WPC RR | Kundara | **Aswini Kumar** |
| 10 | Police Station & WPC RR | Kadakkal | **Habitat Technology Group** |
| 11 | Upper Subordinate Quarters | Chathannoor | **P. Mohammed Shameer** |
| 12 | Upper Subordinate Quarters | Punalur | **S.Suresh** |
| 13 | Upper Subordinate Quarters | Kottarakkara | **Subramanian** |
| 14 | Upper Subordinate Quarters | AR Camp | **Ibrahim KM** |
| 15 | Vanita Cell | Kollam | **M/s Oceanus Estate** |
| 16 | New Block | District Jail, Kollam (Jail Works) | **Gengesh** |

## PATHANAMTHITTA

| | | | |
|---|---|---|---|
| 1 | Lower Subordinate Quarters | KAP 3 | **Meera Constructions** |
| 2 | Women Cell | PTA | **C.V.Ramesan** |
| 3 | Traffic Police Station | Adoor | **A.K.Santhoshkumar** |
| 4 | WPC RR(along with PS -traffic) | | |
| 5 | District Police Line (Admn Blk) | Pathanamthitta | **M/S.Travancore Engineers** |
| 6 | District Police Line (Barrack) | Pathanamthitta | |
| 7 | LSQ & USQ | Koipram | **Sachinkumar** |
| 8 | Lower Subordinate Quarters | Vechoochira | **Raveendranathan Pillai** |
| 9 | Lower Subordinate Quarters | KAP 5 | **Rajendra Kurup** |
| 10 | Police Station & WPC RR | Thannithode | **Meera Constructions** |
| 11 | Maintenance TPS | Pathanamthitta | **C.V.Ramesan** |
| 12 | Extn. Police Station | Aranmula | **B.Jayan** |
| 13 | Retaining wall at USQ | Chittar | **A.Venu Kumar** |

## ALAPPUZHA

| | | | |
|---|---|---|---|
| 1 | Coastal Security PS | Thottappally | **Gangesh.K.A** |
| 2 | Kennels | ALP | **Rajendran.N** |
| 3 | Extn Police Station & WPCRR | Mavelikkara | **S .Anil Kumar** |
| 4 | Lower Subordinate Quarters | Chengannur | **Chandramohan Pillai** |
| 5 | LSQ & Police Station | Kainady | **Syam Kumar** |
| 6 | Upper Subordinate Quarters | Alappuzha West | **M/s.GabTech** |
| 7 | Upper Subordinate Quarters | Edathua | **Oomman G Mon** |
| 8 | Upper Subordinate Quarters | Mavelikkara | **S .Anil Kumar** |
| 9 | Upper Subordinate Quarters | Ambalapuzha | **Syamkumar P** |
| 10 | Extn Police Station | Ambalapuzha | **Jose.P.Mathew** |
| 11 | Visitors Lounge | Chengannur PS | **A.Venu Kumar** |

## KOTTAYAM

| Sl No | NAME OF WORK | LOCATION | Name of Contractor |
|---|---|---|---|
| 1 | Upper Subordinate Quarters | Ponkunnam | V.J.Joseph |
| 2 | Visitor's Room | Kaduthuruthy | P.K.Salinkumar |

## IDUKKI

| | | | |
|---|---|---|---|
| 1 | Visiting Officer's Quarters | Kuttikanam | Thomas Domenic |
| 2 | Lower Subordinate Quarters | Thodupuzha | SOJ Associates |
| 3 | District Police Line- Barracks | KAP5 Kuttikanam | Thomas Dominic |
| 4 | Kennels | Thodupuzha | V.P.Thampi |
| 5 | Kennels | Kattappana | Babu |
| 6 | Kennels | Pala | Vincent |

## ERNAKULAM

| | | | |
|---|---|---|---|
| 1 | Visitors room | Thrikkakara | Shias Mohammed |
| 2 | State Safe Houses | Kochi | E.K.Abdul Salam |
| 3 | Coastal Security PS | Fort Kochi | E.K.Abdul Salam |
| 4 | Lower Subordinate Quarters | Thrikkakara | Baby Cherian |
| 5 | Upper Subordinate Quarters | Thrikkakara | |
| 6 | Upper Subordinate Quarters | Central Prison Kakkanad | M.P.Sidheek |
| 7 | Tourist Aidpost at Jew Street | Mattancherry | Leo Rebello |

## THRISSUR

| | | | |
|---|---|---|---|
| 1 | Infrastructure Construction | Pudukkad (Now Mathilakom) | |
| 2 | New Barracks | Cental Prison , Viyyur (Jail Works) | |
| 3 | Lower Subordinate Quarters | KAP 1 | Vijaya Constructions |
| 4 | Police Station | Puthucaud | Shaji |
| 5 | R/M of L type old barrack at KAP I Bn | Ramavarmapuram | T.K.Kesavan |
| 6 | Vehicle shed in front of main building KEPA | | T S Murali |
| 7 | Gymnasium & Indoor Stadium | KEPA | Chandra Mohanan Pillai |
| 8 | Auditorium, KEPA- balance work | TSR | Chandra Mohanan Pillai |
| 9 | AQUATIC TRAINING CENTRE | KEPA | M/S.Travancore Engineers |
| 10 | District Police Line | Thrissur | K.V.Joseph |
| 11 | Lower Subordinate Quarters | KAP 1 | KK Mohammed |
| 12 | Lower Subordinate Quarters | Peramangalam | Habitat |
| 13 | Lower Subordinate Quarters | Peramangalam | K G Sunil |
| 14 | Pavilion, parede ground at KEPA (Balance work) | Ramavarmapuram | KK Mohammed, |
| 15 | Rennovation of A&F block | Central Jail, Viyyur | K.V.Joseph |
| 16 | New road in front of C type Qrtrs. | KEPA | |
| 17 | Visitors roon at Town East PS | TSR | T.K.Kesavan |
| 18 | R/M of TT8 Company Barrack | KEPA | K.V.Joseph |
| 19 | R/M of TT7 Company (1&2 Barrack) | KEPA | K.V.Joseph |
| 20 | R/M of TT7 Company (3rd Barrack) | KEPA | K.V.Joseph |
| 21 | R/M of TT7 Company Barrack (Kitchen Block ) | KEPA | K.V.Joseph |
| 22 | R/M of TT9 Company Barrack (Kitchen Block ) | KEPA | K.V.Joseph |

| Sl No | NAME OF WORK | LOCATION | Name of Contractor |
|---|---|---|---|
| 23 | R/M of TT10 Company Barrack (Kitchen Block ) | KEPA | **K.V.Joseph** |

## PALAKKAD

| | | | |
|---|---|---|---|
| 1 | Police Station | Parambikulam | **A.Balendran** |
| 2 | Extn Police Station | Kozhinjampara | |
| 3 | Kennels | Dst AR Camp, Palakkad | **Sivan PK** |
| 4 | Multi Storied Barrack, Muttikulangara | KAP 2 | **George Vallamattom** |
| 5 | Lower Subordinate Quarters | Mannarkkad | **M/S. Southern Tech** |
| 6 | Upper Subordinate Quarters | Mannarkkad | **M/S. Southern Tech** |
| 7 | Circle Office, Police Station, SDPO & WPC RR | Agali | **Habitat Technogy Group** |
| 8 | Visitors Room | Town North PS | **Ummerali K E** |

## KOZHIKODE

| | | | |
|---|---|---|---|
| 1 | WPC RR | Valayam | **Mahmmood Haji** |
| 2 | Lower Subordinate Quarters | Chinthavalappu | **MP Basheer** |
| 3 | Kennels | vadakara | **Babu** |
| 4 | Commissioner Office Building | Kozhikode | **T.K.Ubaidulla** |
| 5 | Upper Subordinate Quarters | Chevayur | **MP Basheer** |
| 6 | Police Station | Marad | **M/S KENZA Engg.** |
| 7 | AR Bark/Lines | Marad | |
| 8 | Kitchen Block | New Sub Jail, Kozhikkode | **K.V.Mahmood Haji** |
| 9 | Extn Police Station | Mavoor PS | **E.K.Ahammed Kutty** |
| 10 | District Police Line (Barakks & Admn Block) | Keezhariyoor | **MP Basheer** |
| 11 | Lower Subordinate Quarters | Keezhariyoor (AR Camp) | **Douglus D' Silva** |
| 12 | PS - Traffic & WPC RR | Vatakara | **KV Mahammood** |
| 13 | New police station building | Koduvally | **T.T.Jayadevan** |

## MALAPPURAM

| | | | |
|---|---|---|---|
| 1 | Upper Subordinate Quarters | MSP | **G Abhilash** |
| 2 | Lower Subordinate Quarters | Padinjattumuri | **KESHAVAN T K** |
| 3 | District Police Line | Nilambur | |
| 4 | Police resource centre | Perinthalmanna | **KESHAVAN T K** |
| 5 | Visitors room | Perinthalmanna | **KESHAVAN T K** |
| 6 | Visitors room | Nilambur | |
| 7 | Ground level water tank & fixing a pump set at LSQ(8 nos.) | MSP | **V.Mohanan** |
| 8 | Visitors room | Kuttipuram | **V.Mohan** |
| 9 | R/M at SRAF | MLM | **T.K.Kesavan** |
| 10 | Lower Subordinate Quarters | Kottakkal | **MKM Muthu Haji** |
| 11 | Bore well at LSQ | Kottakkal | **MKM Muthu Haji** |
| 12 | LSQ & USQ | Kondotty PS | **KURIEN VARGHESE** |
| 13 | Compound wall with gate in LSQW/USQ | Kottapady PS | **V.Mohanan** |
| 14 | Upper Subordinate Quarters | Padinjattumuri | **E. Susanth** |
| 15 | Kennal at A R Camp | Padinjattumuri | **M.Muhammed Musthafa** |

| Sl No | NAME OF WORK | LOCATION | Name of Contractor |
|---|---|---|---|
| **WAYANAD** | | | |
| 1 | Police Station | SMS Mananthavady | **T.C.Thankachan** |
| 2 | Traffic Police Station | Mananthavady | **T.C.Thankachan** |
| 3 | Lightening protection system(imported type) to JACK IV, (App.4) | Kurichiyamala, WND | **M/S.Pro-Lite Engineers Pvt.Ltd** |
| 4 | Lightening protection system(ordinary type) to repeater station,WND(App.20) | Chembara peak , WND | **M/S. New mate Electro systems** |
| 5 | Kennels | Wayanad | **Jijo Mathew** |
| 6 | Lower Subordinate Quarters | Puthurvayal (AR Camp) | **Douglsa & Asscs** |
| 7 | Upper Subordinate Quarters | Vellamunda | **Deepak D. Prabhu** |
| 8 | subjail , compound wall | Mananthavady | **T.C. Thankachan** |
| **KANNUR** | | | |
| 1 | Lower Subordinate Quarters | KAP 4 | **T.K.Rajan** |
| 2 | Visitors room | Payyannur | **Ajayan** |
| 3 | Visitors room | Iritty | **Ajayan** |
| 4 | Coastal Security PS | Azheekal | **K.V.Mahmood Haji** |
| 5 | Community Resource Centre | payyanur | **P.I. Rajeev** |
| 6 | Vanitha cell | Kannur | **Joseph Velupuzhakkal** |
| 7 | Police Station | Chakkarakkal | **Joseph** |
| 8 | Upper Subordinate Quarters | Central Prison, Kannur (Jail Works) | **A.Haridasan** |
| 9 | Over head water tank | KAP IV (Mangattuparamba) | **K.Akhilesh** |
| 10 | Extn Police Station | Kolavallur, Now (Panoor) | **K.Babu** |
| 11 | Lower Subordinate Quarters | Peravoor | **Aboobacker Sidhique** |
| 12 | Lower Subordinate Quarters | Peravoor | |
| 13 | Superintendents Qtrs | Central Prison, Kannur (Jail Works) | **E.M.Michael** |
| 14 | Police Station | Maloor | **Joseph Velupuzhakkal** |
| 15 | Telecommunication sub unit | Kannur | **Joseph Velupuzhakkal** |
| 16 | Bore wells & pump house at KAP IV | Mangattuparamba | **M.Mohammed** |
| 17 | R/M of Barrack at A R Camp | Kannur | **T.Dasan** |
| 18 | KAP barack | Mangattuparamba | **T.P.Prakashan** |
| 19 | Police Resource Center | Thalassery | **C.S.SAJU** |
| **Kasaragod** | | | |
| 1 | Coastal Security PS | Thalangara(Bekal) | **M/S.Kenza Engineering Constructions** |
| 2 | Upper Subordinate Quarters | Neeleswaram | **K Abdulla Kunhi** |
| 3 | Lower Subordinate Quarters | Ambalathara | **Abdulla Ibrahim** |
| 4 | Lower Subordinate Quarters | Bekal | **Abdulla Ibrahim** |
| 5 | Upper Subordinate Quarters | Ambalathara | **TK Rajan** |
| 6 | Visitors room at KSD PS | Kasargod PS | **P.M.Ashraf** |
| 7 | Lower Subordinate Quarters | Open Prison, Cheemini (Jail Works) | **M.Mohammed** |
| 8 | Upper Subordinate Quarters | Open Prison, Cheemini (Jail Works) | **M.Mohammed** |
| 9 | New Barracks | Sub- Jail , Open Prison Chimeni (Jail Works) | **M.Mohammed** |
| 10 | Additional New barrack at Open Prison | Cheemeni | **M.Mohammed** |

[signature]

//അനുബന്ധം - II//

**കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തു നടത്തുന്ന മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ**

| ക്രമ നം. | പ്രവർത്തികളുടെ പേര് | തുക |
|---|---|---|
| 1 | ബഹിരാകാശ ഗവേഷണ കേന്ദ്രത്തിനുവേണ്ടി തിരുവനന്തപുരത്ത് വേളിയിൽ പരിശീലന കേന്ദ്രത്തിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം | 15.50 (കോടി രൂപ) |
| 2 | വി എസ് എസ് സി ക്കു വേണ്ടി ചവറയിൽ ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട് കെട്ടിടനിർമ്മാണം | 22.92 (കോടി രൂപ) |
| 3 | കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുവേണ്ടി കുളത്തുപ്പുഴ, മാട്ടുപ്പെട്ടി, കോലാഹലമേട്, എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന ആധുനിക ഡയറിഫാം | 9.13 (കോടി രൂപ) |
| 4 | കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി തിരുവനന്തപുരത്തും, കോട്ടയത്തും, തലശ്ശേരിയിലും നിർമ്മിക്കുന്ന ഹൈപ്പർ മാർക്കറ്റ് കെട്ടിടങ്ങൾ | 5.45 (കോടി രൂപ) |
| 5 | വിനോദ സഞ്ചാര വകുപ്പിനുവേണ്ടി കൂത്തുപറമ്പിൽ നിർമ്മിക്കുന്ന ടൂറിസം ടൗൺ സ്ക്വയർ | 97 (ലക്ഷം രൂപ) |
| 6 | വിനോദ സഞ്ചാര വകുപ്പിനുവേണ്ടി വയനാട് ജില്ലയിൽ വിവിധ ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പണികൾ | 1.43 (കോടി രൂപ) |
| 7 | കേരളാ സ്പോർട്ട്സ് കൗൺസിലുനുവേണ്ടി വയനാട്ടിലെ ജിനചന്ദ്രൻ സ്റ്റേഡിയത്തിന്റെ വികസന പ്രവൃത്തികൾ | 3.69 (കോടി രൂപ) |
| 8 | കേരളാ ബുക്സ് & പബ്ലിക്കേഷൻ സെന്ററിനുവേണ്ടി എറണാകുളം കാക്കനാട് വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം | 2.02 (കോടി രൂപ) |
| 9 | സ്റ്റേറ്റ് വെറ്റിനറി കൗൺസിലിന്റെ തിരുവനന്തപുരത്തെ കാര്യാലയത്തിനുള്ള കെട്ടിട നിർമ്മാണം | 45.15 (ലക്ഷം രൂപ) |
| 10 | കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ വിവിധ വെയർ ഹൗസുകളുടെ നവീകരണ പ്രവർത്തികൾ | 4.12 (കോടി രൂപ) |
| 11 | റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്നുവേണ്ടി കുളത്തുപുഴയിൽ ലേബർ ക്വാർട്ടേഴ്സുകളുടെ നിർമ്മാണം | 1.89 (കോടി രൂപ) |
| 12 | കോ.- ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിനുവേണ്ടി കളമശ്ശേരിയിൽ നേഴ്സിംഗ് കോളേജ്, സ്കൂൾ, ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം | 6.00 (കോടി രൂപ) |

Bindu
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 349

14.07.2010-ൽ
മറുപടിയ്ക്ക്

### "ജീർണ്ണാവസ്ഥയിലായിട്ടുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും നവീകരണവും"

ചോദ്യം
ശ്രീ.ടി.പി.കുഞ്ഞുണ്ണി
ശ്രീമതി.പി.അയിഷാപോറ്റി
ശ്രീ.എം.പ്രകാശൻ മാസ്റ്റർ
ശ്രീമതി.ജെ.അരുന്ധതി:

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ജീർണ്ണാവസ്ഥയിലായിട്ടുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും, നവീകരണവും ബോർഡ് കാലാകാലങ്ങളായി നടത്തി വരുന്നുണ്ട്.<br>കൊച്ചി ദേവസ്വം ബോർഡിൽ ജീർണ്ണോദ്ധാരണത്തിനായി ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റും മറ്റു കാര്യങ്ങളും ക്ഷേത്ര ഉപദേശക സമിതികളുമായി ബോർഡിലെ മരാമത്ത് വിഭാഗം ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.<br>മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള (മുൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ്) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും നവീകരണത്തിനുമായി 1986 മുതൽ സർക്കാർ ഗ്രാന്റ് അനുവദിച്ചു വരുന്നുണ്ട്. മലബാർ പ്രദേശത്തെ സ്വകാര്യ ക്ഷേത്രങ്ങൾക്കും ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്.<br>ഗുരുവായൂർ ദേവസ്വം ഗുരുവായൂർ ക്ഷേത്രത്തിലെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുപുറമേ കേരളത്തിലെ ഇതര ഹിന്ദു ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായും ഒരു നിശ്ചിത തുക എല്ലാ വർഷവും ധനസഹായമായി നൽകുന്നുണ്ട്. |

കൂടൽ മാണിക്യം ദേവസ്വത്തിൻ കീഴിൽ ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സെൻട്രൽ ആർക്കിയോളജി വകുപ്പിന്റെ ചുമതലയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവിധ ദേവസ്വങ്ങളുടെ കീഴിൽ ഇതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എല്ലാ വർഷവും പുനരുദ്ധാരണം നവീകരണം എന്നിവയ്ക്കായി അടങ്കൽ തയ്യാറാക്കി വിവിധ ക്ഷേത്രങ്ങളിൽ വിവിധ പ്രവൃത്തികൾ ചെയ്തുവരുന്നു.

കൊച്ചി ദേവസ്വം ബോർഡിൻകീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ ശ്രീകോവിൽ, ചുറ്റമ്പലം എന്നിവയുടെ ജീർണ്ണാവസ്ഥ മാറ്റുന്നതിന് ക്ഷേത്ര ഉപദേശക സമിതികളുമായി സഹകരിച്ച് ഭക്തജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും ദേവസ്വം ബോർഡിൽ നിന്നും സംഭാവന നൽകിയും പ്രവൃത്തികൾ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിൻ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഗ്രാന്റ് തുകയും, ഭക്തജനങ്ങളിൽ നിന്നുള്ള സംഭാവനയും സ്വീകരിച്ച് ശ്രീകോവിൽ നവീകരണം, ചുറ്റമ്പലം നിർമ്മാണം/റിപ്പയർ, ചുറ്റുമതിൽ നിർമ്മാണം, ക്ഷേത്രക്കുള നവീകരണം/സംരക്ഷണം, തിടപ്പള്ളി റിപ്പയർ തുടങ്ങിയ പ്രവൃത്തികൾ നടത്തിവരുന്നു.

ഗുരുവായൂർ ദേവസ്വത്തിലും വിവിധ പ്രവൃത്തികൾ നടന്നുവരുന്നു.

കൂടൽമാണിക്യം ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) ഇതിനായി മൊത്തം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2010-2011 ൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡ് 2006-07 മുതൽ 2009-2010 വരെ 10,53,27,410/- രൂപ (പത്തു കോടി അമ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തേഴായിരത്തി നാനൂറ്റിപ്പത്ത് രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്ക് സ്വകാര്യ ക്ഷേത്രങ്ങൾക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെപറയുന്ന തുക ജീർണ്ണോദ്ധാരണ ഗ്രാന്റായി നൽകിയിട്ടുണ്ട്.

<u>ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ്</u>

2006-2007 - 75,00,000/- രൂപ (373 ക്ഷേത്രങ്ങൾ)
2007-2008 - 82,50,000/- രൂപ (432 ക്ഷേത്രങ്ങൾ)

മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്ന ശേഷം

2008-2009 - 1,75,00,000/- രൂപ(750 ക്ഷേത്രങ്ങൾ)
2009-2010 - 2,08,00,000/- രൂപ(683 ക്ഷേത്രങ്ങൾ)
ആകെ - 5,40,50,000/- രൂപ

2010-2011 വർഷത്തിൽ 3 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

ഇതര ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനായി ഗുരുവായൂർ ദേവസ്വത്തിൽ നിന്നും 2009-2010 വർഷത്തിൽ ഒന്നരക്കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2010-2011 ലേക്കും ഇത്രയും തുക നീക്കിവച്ചിട്ടുണ്ട്.

കൂടൽ മാണിക്യം ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഇതുവരെ 3,03,49,000/- രൂപ കേന്ദ്ര ആർക്കിയോളജി വകുപ്പിന് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | കൊച്ചി ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ശമ്പളപരിഷ്കരണമാണ് നടപ്പാക്കിവരുന്നത്. ക്ഷേത്ര ജീവനക്കാർക്ക് 2007 ൽ ശമ്പളപരിഷ്കരണം നടത്തിയിട്ടുണ്ട്. |

മലബാർ ദേവസ്വം ബോർഡിൽ 28.02.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 116/2009/ ആർ.ഡി. പ്രകാരം ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിൽ സ്ഥിരം ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ നടപ്പാക്കുന്ന ശമ്പള പരിഷ്കരണമാണ് നടപ്പാക്കുന്നത്.

കൂടൽ മാണിക്യം ദേവസ്വത്തിലും സർക്കാർ ജീവനക്കാർക്ക് നടപ്പാക്കുന്ന ശമ്പളപരിഷ്കരണമാണ് നടപ്പാക്കുന്നത്. ക്ഷേത്ര ജീവനക്കാർക്കും ഇതേ സമയത്ത് ശമ്പളം പരിഷ്കരിച്ചുവരുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ശമ്പള പരിഷ്കരണം ജീവനക്കാർക്കും, ക്ഷേത്ര ജീവനക്കാർക്കും ബാധകമാക്കി ബോർഡ് തീരുമാനമെടുത്തുവരികയാണ് ചെയ്യുന്നത്.

Sulalhaan

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 350 — 14.07.2010-ൽ മറുപടിയ്ക്ക്

# "അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് തീർത്ഥാടനം നടത്തുന്നതിനുള്ള സൗകര്യം"

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) തീർത്ഥാടനത്തിനായി കേരളത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ തീർത്ഥാടനം നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; | (എ) ശബരിമല തിർത്ഥാടനവുമായി ബന്ധപ്പെട്ട് കേരളത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് വിശ്രമിക്കുന്നതിനും തീർത്ഥാടനം നടത്തുന്നതിനുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 29 ഇടത്താവളങ്ങൾ ഒരുക്കിയിട്ടുണ്ട്<br>കൊച്ചി ദേവസ്വം ബോർഡും പ്രധാന ക്ഷേത്രങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് അതാത് ക്ഷേത്രത്തിലെ ട്രസ്റ്റി ബോർഡുകളാണ്. ഇവയിൽ മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഗുരുവായൂർ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് വിശ്രമിക്കുന്നതിനായി വിപുലമായ താമസസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടൽമാണിക്യം ക്ഷേത്രത്തിലും ഭക്തജനങ്ങൾക്കായി പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ; | (ബി) | ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രധാന ക്ഷേത്രങ്ങൾക്കു സമീപം തീർത്ഥാടകർക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രധാന ക്ഷേത്രങ്ങൾക്ക് സമീപം തീർത്ഥാടകർക്ക് താമസിക്കുവാൻ പുതിയ ഗസ്റ്റ് ഹൗസുകൾ പണിയാൻ ഇപ്പോൾ പദ്ധതിയില്ല.<br>കൊച്ചി ദേവസ്വം ബോർഡ് ഇക്കാര്യം പരിശോധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലെല്ലാം ഇപ്പോൾതന്നെ ഗസ്റ്റ് ഹൗസുകൾ നിലവിലുണ്ട്.<br>ഗുരുവായൂരിൽ കൗസ്തുഭം, പാഞ്ചജന്യം, ശ്രീവത്സം എന്നീ ഗസ്റ്റു ഹൗസുകൾ നിലവിലുണ്ട്.<br>കൂടൽമാണിക്യം ദേവസ്വം ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പരാധീനതമൂലം ആയത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഭക്തജന സൗകര്യം പരിഗണിച്ച് ഗുരുവായൂരിൽ ഗസ്റ്റ് ഹൗസുകളുടെ വികസനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | ഗുരുവായൂരിൽ പാഞ്ചജന്യം അനക്സ് കെട്ടിടം പണി അവസാനഘട്ടത്തിലാണ്. ശ്രീവത്സം അനക്സ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. |

Snlatha.on

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 351 | 14.07.2010-ൽ മറുപടിയ്ക്ക്

**വിനോദസഞ്ചാരമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള പ്രധാന പരിപാടികൾ വെളിപ്പെടുത്തുമോ; | എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മുഖ്യമായി ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയിൽ വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ ചെറിയ ടൂറിസം പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേനയും, ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന വികസനം ഒരുക്കുന്നതിന് വേണ്ടിയും അവയുടെ പരിപാലനത്തിനുമായി 36 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ അതാത് എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ആരംഭിക്കുകയും ചെയ്തു. ഇതനുസരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും വിനോദസഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്വകാര്യമേഖലയുടെ സഹകരണത്തോടെ 'വഴിയോരം' പദ്ധതിയും സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിനായുള്ള ഹോം സ്റ്റേ, ഗൃഹസ്ഥലി , ഫാം ടൂറിസം എന്നിവയും കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതിയിൽപ്പെടുത്തി ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന നടപടിയും മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ പ്രധാനപ്പെട്ട 20 റോഡുകളുടെ വികസനത്തിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായത്തോടെ |

| | | |
|---|---|---|
| | | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ റോഡ് വികസന പദ്ധതികളും നടന്നു വരുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) 'ഡെസ്റ്റിനേഷൻ വികസനം', 'സർക്യൂട്ട് വികസനം' എന്നീ വിഭാഗങ്ങളിലായി 2006 ഏപ്രിൽ മുതൽ 464 ( നാന്നൂറ്റി അറുപത്തി നാല് ) കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയും അവയിൽ നിന്നും 200(ഇരുന്നൂറ്) കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.352.

14/7/2010-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ;<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി;<br>ശ്രീ.തോമസ് ചാഴികാടൻ;<br>ശ്രീ.പി.സി.ജോർജ്. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് വായ്പ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി പുതിയ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ കേരള തദ്ദേശ സർക്കാർ വികസന ഫണ്ട് (KLGDF – Kerala Local Government Development Fund) രൂപീകരിച്ച് കൊണ്ട് സർക്കാർ വിജ്ഞാപനം (Ordinance No.11 of 2010 vide Gazette Notification No.1350/Leg dated: 30/1/2010) പുറപ്പെടുവിച്ചിട്ടുണ്ട്.<br>2010 ജൂൺ 11-ന് ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. ജൂലൈ 26 ന് കൂടുന്ന ബോർഡ് യോഗത്തോടെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | ആയതിലേക്ക് ഇതുവരെ സമാഹരിച്ച തുക എത്രയാണ്; | (ബി) എ.ഡി.ബി ധനസഹായത്തോടെയുള്ള കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ നിന്നും 243.58 കോടി രൂപ ഇതിലേയ്ക്ക് മാറ്റി വച്ചിട്ടുണ്ട്. ഇതിൽ 67.50 കോടി രൂപ എ.ഡി.ബി വായ്പയും 176.08 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. മറ്റു ധനസമാഹരണത്തിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം ഇതിനോടകം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകിയെന്നും ആയതിലേക്ക് എത്ര തുക വിനിയോഗിച്ചു വെന്നും വ്യക്തമാക്കുമോ? | (സി) | കെ.എൽ.ജി.ഡി.എഫിൽ നിന്നും വായ്പ അനുവദിക്കുന്ന പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. ജൂലൈ 26 ന് ചേരുന്ന ബോർഡ് യോഗം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 353

14-7-2010 ൽ
മറുപടിക്ക്

ബേക്കൽ ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ബേക്കലിൽ എത്ര റിസോർട്ടുകളാണ് നിർമ്മിക്കുന്നത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ബേക്കൽ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചു.<br>റിസോർട്ടുകളിലേയ്ക്കുള്ള റോഡുകൾ Major District Road സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്നതിനായി 20.21 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചു. കൂടാതെ സ്ഥലമെടുപ്പിന് 8.35 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ റോഡുകളുടെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. ബേക്കൽ ബീച്ച് പാർക്കിൽ നവീകരണ പ്രവർത്തനം സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വരുന്നു.<br>ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് മുതൽ ചിററാരി കടപ്പുറം വരെയുള്ള |

റോഡിൻെറ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് കമ്മീഷൻ ചെയ്തു. തൃക്കണ്ണാട് റെയിൽ അണ്ടർ ബ്രിഡ്ജ് നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി.

ബേക്കലിൽ അഞ്ച് സൈറ്റുകൾ റിസോർട്ട് നിർമ്മാണത്തിനായി പാട്ടകരാർ വ്യവസ്ഥയിൽ താഴെ പറയുന്ന ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടുണ്ട്.

1. റിസോർട്ട് സൈറ്റ് നമ്പർ 2- എയർട്രാവൽ എന്റർപ്രൈസസ്, തിരുവനന്തപുരം
2. റിസോർട്ട് സൈറ്റ് നമ്പർ 4- ഗ്ളോബ്ലിങ്ക് ഹോട്ടൽസ് ആൻറ് എന്റർടെയിൻമെൻറ്, ജാംഷഡ്പൂർ
3. റിസോർട്ട് സൈറ്റ് നമ്പർ 5- ഖന്ന ഹോട്ടൽസ്, മുംബൈ
4. റിസോർട്ട് സൈറ്റ് നമ്പർ 6-ഭാരത് ഹോട്ടൽസ്, ന്യൂഡൽഹി
5. റിസോർട്ട് സൈറ്റ് നമ്പർ 7 - ഹോളിഡേ ഗ്രൂപ്പ്, യു.എ.ഇ

ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് ആന്റ് സ്പാ ഉദുമയിലെ ബേവൂരിയിൽ 2010 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. ഖന്ന ഗ്രൂപ്പ് ഉദുമ കാപ്പിലിൽ നിർമ്മിക്കുന്ന റിസോർട്ടിന്റെ നിർമ്മാണം 2010 അവസാനത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിൽ

ഹോളിഡേ ഗ്രൂപ്പിന്റെ ഹോട്ടൽ 2010 അവസാനത്തോടെ നിർമ്മാണം [illegible] ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പള്ളിക്കര പഞ്ചായത്തിലെ ചേററുകുണ്ടിൽ എയർട്രാവൽ എന്റർപ്രൈസസിന്റെ റിസോർട്ടിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. ഉദുമ പഞ്ചായത്തിലെ കുതിരിൽ ഗ്ലോബ് ലിങ്ക് ഹോട്ടൽസ് ആൻറ് എന്റർടൈൻമെന്റിന്റെ റിസോർട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് പ്രവർത്തന സജ്ജമായിട്ടുളളത്; അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

ബി) ബേക്കലിൽ ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് ആന്റ് സ്പാ ഉദുമയിലെ ബേ:വൂരിയിൽ 2010 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. ഖന്ന ഗ്രൂപ്പ് ഉദുമ കാപ്പിലിൽ നിർമ്മിക്കുന്ന റിസോർട്ടിന്റെ നിർമ്മാണം 2010 അവസാനത്തോടെ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

സി) ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിലെത്തിക്കുന്നതിന് മാർക്കറ്റിംഗ് രംഗത്ത് ടൂറിസം വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

സി) ടൂറിസം വകുപ്പ് പ്രിന്റുചെയ്ത് പ്രചരിപ്പിക്കുന്ന ബ്രോഷറുകളിൽ ബേക്കൽ ടൂറിസം ഡെസ്റ്റിനേഷനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ബേക്കലിനു മാത്രമായി പ്രത്യേക ബ്രോഷറും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ബ്രോഷറുകൾ വിദേശരാജ്യങ്ങളിൽ ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ടൂറിസം മേളകളിലും, ട്രേഡ് ഫെയറുകളിലും വിതരണം ചെയ്ത് പ്രചാരണം നൽകുന്നുണ്ട്. ടൂറിസം

- വകുപ്പിൻെറ വെബ്സൈറ്റിലൂടെയും ബേക്കലിന് ആവശ്യമായ പ്രചാരണം നൽകുന്നുണ്ട്.

ഡി) ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഡി) ഉണ്ട്. ബേക്കലിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥല പരിശോധന കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (CIAL) -ന്റെ വിദഗ്ദ്ധ സംഘം പരിശോധിച്ചു. സ്ഥലത്തിന്റെ സർവ്വേ ജോലികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കിവരുന്നു. എയർസ്ട്രിപ്പ് നിർമ്മിക്കുന്നതു സംബന്ധിച്ച് 26-5-2010 ൽ സർക്കാർ തലത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേർന്നിരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 354

14-7-2010 ൽ
മറുപടിക്ക്

ഡെസ്റ്റിനേഷൻ കേരള സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. പി.സി. ജോർജ്ജ്: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് 'ഡെസ്റ്റിനേഷൻ കേരള സ്കീം' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) 'ഡെസ്റ്റിനേഷൻ കേരള സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ടൂറിസം സാദ്ധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇവിടെ വിവിധ വകുപ്പുകളുടെ സഹായത്തോടെ ടൂറിസത്തിനാവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) പ്രസ്തുത സ്കീമിൽ പുതിയ എത്ര ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) ഡെസ്റ്റിനേഷൻ കേരള സ്കീം' പ്രകാരം സംസ്ഥാനത്തെ 45 വിവിധ പ്രദേശങ്ങളെ ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സ്കീം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് എത്ര തുക ലഭിച്ചു; സംസ്ഥാനം നീക്കിവച്ചത് എത്ര; | സി) | ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് സാമ്പത്തികസഹായം ലഭിച്ചിട്ടില്ല. ഈ സ്കീം പ്രകാരം തുക നീക്കിവെച്ചിട്ടില്ല. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ കേന്ദ്രങ്ങളിൽ പ്രാഥമിക സൗകര്യങ്ങളും ടൂറിസം സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ഡി) | ഗ്രാമീണ മേഖലയിലെ പ്രകൃതി രമണീയമായ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വൻ വിജയമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഡി) | സംസ്ഥാനത്തെ ടൂറിസം വികസനത്തന് സാദ്ധ്യതയുള്ള കൂടുതൽ പ്രദേശങ്ങളെ കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 355** | **14/07/2010-ൽ മറുപടിയ്ക്ക്**

## ജനന മരണ രജിസ്റ്ററിൽ പേര് ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമുള്ള നടപടി ക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ജനന-മരണ രജിസ്റ്ററിൽ പേര് ചേർക്കുന്നതിനും അവയിലെ തെറ്റു തിരുത്തുന്നതിനും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ജനന-മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലും താഴെ പറയുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.<br>(എ) ജനന രജിസ്ട്രേഷൻ സമയത്തോ ശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്താവുന്നതാണ്.<br>(ബി) വ്യക്തമായ രേഖയുടെ അടിസ്ഥാനത്തിൽ മേൽവിലാസം തിരുത്തി നൽകാവുന്നതാണ്,<br>(സി) കുട്ടിയുടെയും മാതാപിതാക്കളുടെയും പേരിനോടൊപ്പം വിളിപ്പേര് alias ചേർത്ത് ഉൾപ്പെടുത്താവുന്നതാണ്. |

---

(ഡി) ജനന സർട്ടിഫിക്കറ്റിൽ പേര് ചേർക്കുമ്പോൾ സ്കൂൾ രേഖയിലും ജനന രജിസ്ട്രേഷനിലും തീയതികൾ തമ്മിലുള്ള വ്യത്യാസം പത്ത് മാസത്തിൽ അധികരിക്കാതിരുന്നാൽ ജില്ലാ രജിസ്ട്രാറുടെ അനുവാദം വാങ്ങാതെ തന്നെ അതാത് രജിസ്ട്രാർമാർക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) ആറുവയസ്സിനുശേഷം കുട്ടികളുടെ പേരു ചേർക്കുമ്പോൾ മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രാറിൽ നിന്നും ജനനക്രമം സാക്ഷ്യപ്പെടുത്തുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന വ്യവസ്ഥ റദ്ദാക്കി മാതാപിതാക്കൾ ഒപ്പിട്ടു നല്കുന്ന സത്യവാങ്മൂലം നൽകിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്തു. സംസ്ഥാനത്തിനു വെളിയിൽ താമസിക്കുന്ന മാതാപിതാക്കൾ നോട്ടറിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമായിരുന്നു അവർക്കും മേൽ വ്യവസ്ഥ ബാധകമാക്കി.

എഫ്) തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പുവാങ്ങിയ സർട്ടിഫിക്കേറ്റുകൾ തിരികെ വാങ്ങേണ്ടിയിരുന്നു. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോകുകയോ മറ്റേതെങ്കിലും അധികാരി മുമ്പാകെ സമർപ്പിച്ചതിനാൽ തിരികെ നല്കാൻ സാധിക്കാതെ വരികയോ ചെയ്താൽ അക്കാര്യം സാക്ഷ്യപ്പെടുത്തി നോട്ടറി മുമ്പാകെയോ ഗസറ്റഡ് ഉദ്യോഗസ്ഥൻ മുമ്പാകെയോ ഒപ്പിട്ട സത്യവാങ്മൂലം സമർപ്പിച്ചാൽ മതിയെന്ന് നിശ്ചയിച്ചു.

ജി) ജനന രജിസ്റ്ററിൽ ഇൻഷ്യലോ സർനെയിമോ കൂടാതെ പേരു ചേർത്തിട്ടുണ്ടെങ്കിൽ അത് ചേർക്കുന്നതിനും യഥാർത്ഥപേര് ഇവ രണ്ടും കൂടിയുള്ളതാണെങ്കിൽ അപ്രകാരം ചേർക്കുന്നതിനും അനുമതി നല്കി.

| | | | |
|---|---|---|---|
| | | | എച്ച്) ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ കോടതി ഉത്തരവിൽ പറയുന്ന തീയതി ജനനതീയതിയായി അംഗീകരിച്ച് രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റു നല്കാൻ നിർദ്ദേശം നല്കി. 22/11/2008-നു മുമ്പ് കുട്ടിയെ ദത്തെടുത്ത് നാളിതുവരെ രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ ദത്തെടുത്ത മാതാപിതാക്കൾ സ്ഥിരമായി താമസിക്കുന്ന സ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നല്കി. |
| (ബി) | ജനന-മരണ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും അവയിൽ തിരുത്തലും കൂട്ടിച്ചേർക്കലും വരുത്തുന്നതിനും ജനനവും മരണവും രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റു നൽകുന്നതിനും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്ത നടപടി ക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ജനന മരണ രജിസ്ട്രേഷനിലെ സങ്കീർണ്ണതകൾ ഇല്ലാതാക്കുന്നതിന് സഹായകരമായ രീതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ നടപടി ക്രമങ്ങൾ ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 356

14.07.2010-ൽ മറുപടിയ്ക്ക്

## കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾ നടക്കുന്ന പഞ്ചായത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. പരിസ്ഥിതിക്ക് ദോഷം വരാത്ത നിലയിൽ മണ്ണും ജലവും സംരക്ഷിക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിൽ ' കയർ ഭൂവസ്ത്ര ' പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് ; | എ. ആലപ്പുഴ ജില്ലയിൽ തൈക്കാട്ടുശ്ശേരി, കോടംതുരുത്ത്, എഴുപുന്ന, വയലാർ, നീലംപേരൂർ, ചിങ്ങോലി, പള്ളിപ്പാട്, കാർത്തികപ്പള്ളി, ഹരിപ്പാട്, കുമാരപുരം, ചെറുതന, ആറാട്ടുപുഴ, ചേപ്പാട്, ദേവികുളങ്ങര, കണ്ടല്ലൂർ കൃഷ്ണപുരം, മുതുകുളം, പത്തിയൂർ, ചെന്നിത്തല, ചെട്ടികുളങ്ങര, അമ്പലപ്പുഴ വടക്ക്, പുറക്കാട്, പുന്നപ്ര വടക്ക്, താമരക്കുളം, ചമ്പക്കുളം എന്നീ പഞ്ചായത്തുകളിലും, കൊല്ലം ജില്ലയിൽ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലും, കോട്ടയം ജില്ലയിൽ മറവൻ തുരുത്ത് ഗ്രാമപഞ്ചായത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |
| ബി. പ്രസ്തുത പ്രവർത്തനത്തിനാവശ്യമായ കയർ ഭൂവസ്ത്രം ഏതൊക്കെ ഏജൻസികളിൽ നിന്നാണ് പഞ്ചായത്തുകൾ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ? | ബി. താഴെപ്പറയുന്ന ഏജൻസികളിൽ നിന്നാണ് കയർ ഭൂവസ്ത്രം വാങ്ങുന്നത്.<br>1. കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴ.<br>2. കയർഫെഡ്, ആലപ്പുഴ.<br>3. ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, ആലപ്പുഴ. |

സെക്ഷൻ ഓഫീസർ.

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 357 — 14.07.2010-ൽ മറുപടിയ്ക്ക്

## ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ വി.ശിവൻകുട്ടി<br>ശ്രീ.ആർ. സെൽവരാജ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മുഖ്യമായി ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയിൽ വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ ചെറിയ ടൂറിസം പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഡി.റ്റി.പി.സി കൾ മുഖേനയും ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന വികസനം ഒരുക്കുന്നതിന് വേണ്ടിയും അവയുടെ പരിപാലനത്തിനുമായി 36 ഡി.എം.സികൾ അതാത് എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ആരംഭിക്കുകയും ചെയ്തു. ഇതനുസരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും വിനോദസഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്വകാര്യമേഖലയുടെ സഹകരണത്തോടെ 'വഴിയോരം' പദ്ധതിയും സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം ഏർപ്പെടുത്തുന്നതിനായുള്ള ഹോം സ്റ്റേ, ഗൃഹസ്ഥലി , ഫാം ടൂറിസം എന്നിവയും കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതിയിൽപ്പെടുത്തി ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന നടപടിയും മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ പ്രധാനപ്പെട്ട 20 റോഡുകളുടെ വികസനത്തിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായ ത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ റോഡ് വികസന പദ്ധതികളും നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു; | ബി) | ഏകദേശം 100 കോടി രൂപ. ഇതിനു പുറമേ കെ.റ്റി.ഡി.സി, ബി.ആർ.ഡി.സി തുടങ്ങിയവ വഴിയും ഇതിനായി ചിലവഴിച്ചിട്ടുണ്ട്. |
| (സി) | ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ മുൻഗണന നൽകുന്നുണ്ടോ; | സി) | ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കുന്ന ടൂറിസം പദ്ധതിക്ക് എം.പി/ എം.എൽ.എ 10 ലക്ഷം രൂപ വീതം അനുവദിക്കുകയാണെങ്കിൽ അതോടൊപ്പം 10 ലക്ഷം രൂപ ടൂറിസം വകുപ്പിന്റെ വിഹിതമായി ഉൾപ്പെടുത്തിയുള്ള ഒരു പദ്ധതിയ്ക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| (ഡി) | എത്ര ടൂറിസം കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്; | ഡി) | 36 |
| (ഇ) | ഇവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഇ) | ഉണ്ട്; ഡി.എം.സിയുടെ ചെയർമാനായ എം.എൽ.എ മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ഡി.റ്റി.പി.സി സെക്രട്ടറിമാർ മറ്റ് ഉദ്യോഗസ്ഥൻമാർ എന്നിവരുടെ വർക്ക്ഷോപ്പ് രണ്ടു പ്രാവശ്യം നടത്തുകയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും, ഈ വർക്ക്ഷോപ്പിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾക്കനുസരിച്ച് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 358 — 14.07.2010- ൽ മറുപടിക്ക്.

## പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. ബി. രാഘവൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ വന്നശേഷം നടപ്പാക്കിയ പ്രധാന പരിഷ്കാരങ്ങൾ എന്തെല്ലാമാണ് ; | : (എ) പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിൽ വരുത്തി. തോക്കേന്തിയ പാറാവിന് പകരം പിസ്റ്റൾ/റിവോൾവർ വഹിച്ചു കൊണ്ടുള്ള സ്റ്റേഷൻ സെക്യൂരിറ്റി ഗാർഡ് സമ്പ്രദായം 168 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വനിതാ പോലീസ് സബ് ഇൻസ്പെക്ടർമാരെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ നേരിട്ട് നിയമിക്കാനുള്ള ഉത്തരവായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കം വനിതാ ഡെസ്കുകൾ സ്ഥാപിച്ചു. പോലീസ് ഓഫീസുകളും പോലീസ് സ്റ്റേഷനുകളും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയ ആധുനിക സംവിധാനങ്ങളോടെ കമ്പ്യൂട്ടർവൽക്കരിച്ചു. സേനയ്ക്ക് ആവശ്യമായ നൂതന സംവിധാനങ്ങളോടുകൂടിയ വാഹനങ്ങൾ |

ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ആധുനിക ഉപകരണങ്ങൾ അടങ്ങിയ ഇൻവെസ്റ്റിഗേഷൻ കിറ്റ്, വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിന് സ്പീഡ് ഡിറ്റക്ഷൻ റഡാർ, ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ഹൈവേകളിലെ അപകടം കുറയ്ക്കുന്നതിനായി ഹൈവേ ജാഗ്രതാ സമിതി, ജനമൈത്രി സുരക്ഷാ പദ്ധതി, ജനമൈത്രി യുവകേന്ദ്രങ്ങൾ എന്നിവ തുടങ്ങിയിട്ടുണ്ട്. കടൽമാർഗ്ഗവും തീരദേശവും വഴിയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുവാനായി കടലോര ജാഗ്രതാ സമിതികളും, തീരദേശ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചു. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് 'ഹലോ പോലീസ്' സംവിധാനത്തിലൂടെ പ്രത്യേക ശൃംഖല വഴി പരസ്പരം ബന്ധപ്പെടുവാൻ സൗജന്യ മൊബൈൽ സിം കണക്ഷൻ നൽകി. ട്രാഫിക് പരിഷ്കരണം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ഹോം ഗാർഡുകളെയും നിയമിച്ചു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ട്രാഫിക് അവബോധം വളർത്തുന്നതിനായി റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചു. സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തലസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനും ജില്ലകളിൽ സൈബർ സെല്ലുകളും സ്ഥാപിച്ചിട്ടുണ്ട്. കേസന്വേഷണത്തിൽ മികവു തെളിയിക്കുന്ന പോലീസ് കോൺസ്റ്റബിൾ മുതൽ ഡി.വൈ.എസ്.പി. വരെയുള്ള പോലീസ് സേനാംഗങ്ങൾക്ക് എല്ലാ വർഷവും രണ്ടു തവണയായി 'ബാഡ്ജ് ഓഫ് ഓണർ ഫോർ ഡിറ്റക്ടീവ് എക്സലൻസ്' എന്ന മെഡൽ നൽകിവരുന്നു. കുറ്റാന്വേഷണവും, ക്രമസമാധാനവും വേർതിരിച്ചുള്ള പോലീസ് പ്രവർത്തനത്തിനുള്ള നടപടികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആരംഭിച്ചു. പോലീസ് കോൺസ്റ്റബിളിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു-വിന് സമാനമായി ഉയർത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) ശാസ്ത്രീയമായ കുറ്റാന്വേഷണ സംവിധാനം നടപ്പാക്കുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | : (ബി) ശാസ്ത്രീയമായ കുറ്റാന്വേഷണ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന പുരോഗതികൾ കൈവരിച്ചിട്ടുണ്ട്: |

**ഫോറൻസിക് സയൻസ് ലബോറട്ടറി**

കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 24 തസ്തികകളും പുതുതായി അനുവദിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി.എൻ.എ., സൈബർ ഫോറൻസിക് തുടങ്ങിയ ഡിവിഷനുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. വ്യാജ വിദേശ കറൻസികളും വ്യാജ ഇൻഡ്യൻ കറൻസികളും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**സൈബർ ക്രൈം പോലീസ് സ്റ്റേഷൻ**

സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലകളിൽ ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

**ഫിംഗർ പ്രിന്റ് ബ്യൂറോ**

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി ഫിംഗർ പ്രിന്റ് ബ്യൂറോ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വിരലടയാളങ്ങൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശാസ്ത്രീയമായി വിശകലനം ചെയ്ത് കുറ്റവാളികളെ കണ്ടെത്തുന്നതിന് വിരലടയാള വിശകലന സംവിധാനം ഫിംഗർ

പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. ഈ സംവിധാനം എല്ലാ പോലീസ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) പോലീസിനെ ജനകീയമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : (സി) പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതി 43 പോലീസ് സ്റ്റേഷനുകളിലാണ് നിലവിലുള്ളത്. മൂന്നാംഘട്ടത്തിൽ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 100 സ്കൂളുകളിൽ ജൂനിയർ, സീനിയർ വിഭാഗത്തിൽ 2 ബാച്ചുകൾ ഉൾപ്പെടുന്ന 100 യൂണിറ്റുകൾ തുടങ്ങുവാൻ സർക്കാർ 29.05.2010-ലെ ജി.ഒ.(പി) 121/2010/ഹോം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | : (ഡി) ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ടായി തിരിച്ചിട്ടുണ്ട്. സ്റ്റേഷൻ പരിധികളിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയും പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ജനമൈത്രി സുരക്ഷാ പദ്ധതിയും, ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും, ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തി വരുന്നവരുടെയും പേരിൽ |

സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം നടപടി സ്വീകരിച്ച് ജില്ലാകളക്ടറുടെ അനുമതിയോടുകൂടി തടങ്കലിൽ പാർപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഇ) തീവ്രവാദ ആക്രമണങ്ങൾക്കെതിരെ ജാഗ്രത പുലർത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | : (ഇ) സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കായി ഇന്റലിജൻസ് എ.ഡി.ജി.പിയുടെ മേൽനോട്ടത്തിൽ ഇന്റേണൽ സെക്യൂരിറ്റി എന്ന ഒരു വിഭാഗം ഒരു ഐ.ജി.യുടെ ചുമതലയിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും തീവ്രവാദ സ്വഭാവമുള്ള കേസുകൾ ഉണ്ടായാൽ അവയും പ്രത്യേക അന്വേഷണ ടീമിനെ നിയോഗിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതാണ്. കടൽവഴിയുള്ള തീവ്രവാദ ആക്രമണങ്ങൾ തടയുന്നതിലേയ്ക്ക് ആദ്യഘട്ടത്തിൽ അനുവദിച്ച എട്ടു തീരദേശ പോലീസ് സ്റ്റേഷനുകളിൽ നാലെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 74 കടലോര ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>പന്ത്രണ്ടാം കേരള നിയമസഭ</u>**
**<u>പതിനഞ്ചാം സമ്മേളനം</u>**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ : 359 | 14.07.2010-ൽ മറുപടിയ്ക്ക് |

## <u>വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. വി.ശശികുമാർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) കേരളം സന്ദർശിക്കുന്ന വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രധാനപ്പെട്ട ടൂറിസം സെന്ററുകളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാനപ്പെട്ട ബീച്ചുകളിൽ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജലാശയങ്ങൾക്ക് സമീപവും, ബീച്ചുകളിലും, അപകട സാധ്യത കൂടിയ ഡെസ്റ്റിനേഷനുകളിലും സന്ദർശകർക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനുള്ള ബോർഡുകളും, സൂചനകളും സ്ഥാപിച്ചിട്ടുണ്ട്. ബോട്ടിംഗ് നടത്തുന്ന വിദേശ ടൂറിസ്റ്റുകളെ യാത്രയിൽ സ്വീകരിക്കേണ്ടുന്ന മുൻകരുതലുകളെക്കുറിച്ച് ബോധവൽക്കരിക്കാൻ സി.ഡി, ബ്രോഷർ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ എല്ലാ വൻകിട ഹോട്ടലുകളിലും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നുണ്ടോ; | ബി) ഉണ്ട്. |
| (സി) അതിഥി കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ ടൂറിസ്റ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) അതിഥി കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഓൺലൈനായി ശേഖരിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദേശ ടൂറിസ്റ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ നിർദ്ദിഷ്ട ഫോം -സിയിൽ രേഖപ്പെടുത്തി, ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 360</u> 14-07-2010-ന് വാങ്മൂലം മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് വിൽപ്പന തടയാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ് : | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള പെട്ടിക്കടകൾ, മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് മയക്കുമരുന്ന് മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; <br><br> (ബി) ഉണ്ടെങ്കിൽ ഇതു നിരീക്ഷിക്കുന്നതിനും ഇതിനെതിരെ നടപടി സ്വീകരിക്കുന്നതിനും ആഭ്യന്തരവകുപ്പിനു കീഴിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ് |
| (സി) മിഠായി, മധുരപലഹാരങ്ങൾ എന്നിവയിൽ നേരിയ തോതിൽ മയക്കുമരുന്നു കലർത്തി വില്പന നടത്തുന്ന സംഭവങ്ങളേതെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; <br><br> (ഡി) എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) യും (ഡി)യും | ഇല്ല. എന്നാൽ വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. പോലീസ് പെട്രോളിംഗ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് സ്കൂൾ പരിസരം പ്രത്യേകം നിരീക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ